ESTD: 1941
ദി പ്രീമിയർ
കോംപ്ലീറ്റ് ഡിഷോം
ന്യൂസ്റ്റോർ ജംഗ്ഷൻ, ബല്ലാർഡ് റോഡ്,
കണ്ണൂർ-1. PH: 0497 2706027,2707962
സ്റ്റെയിൻലസ്സ് സ്റ്റീൽ • അലുമിനിയം • പിച്ചള
അടുക്കളപാത്രങ്ങൾ

സുദിനം

2012 ഫെബ്രുവരി 29
ബുധൻ

സ്ഥാപക പത്രാധിപർ: മനിയേരി മാധവൻ

കണ്ണൂരിന്റെ പത്രം

പേജ് - 4 വില 3 രൂപ

പുസ്തകം 34, ലക്കം 334 പി.ബി. നമ്പർ-58, സുദിനം കോമ്പൗണ്ട്, ഫോർട്ട്റോഡ്. Online Edition: www. sudinamonline.com. Email:sudinamdaily@gmail.com, sudinamadvt@gmail.com

916 GOLD
പ്രിൻസസ് ജ്വല്ലറി
ബേങ്ക് റോഡ്, കണ്ണൂർ
ഫോൺ: 3201136

നഷ്ടമായത് മികച്ച സംഘാടകനെ; സി പി വിജയന് അന്ത്യാഞ്ജലി 2

പിന്നോക്ക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 3

4 മുറികൾ ലേലത്തിനെടുത്തവർ പരക്കംപായുന്നു

വിഷപ്പുക ഒരുക്കും നഗരസഭയ്ക്ക് പ്രതിഷേധത്തിൻ കുരുത്തോല

കണ്ണൂർ പ്ലാസ ജംഗ്ഷനിൽ ആഴ്ചകളായി പ്ലാസ്റ്റിക്ക് ചാക്കിൽ കുട്ടിയിട്ട മാലിന്യങ്ങൾ കത്തിച്ചതിനെ തുടർന്ന് പരിസര പ്രദേശം വിഷപ്പുക പടരാൻ തുടങ്ങിയിട്ട് ദിവസങ്ങളായി. സഹികെട്ട പരിസരവാസികൾ വിഷപ്പുക നൽകുന്ന നഗരസഭക്ക് നന്ദി രേഖപ്പെടുത്തികൊണ്ട് കുരുത്തോലയും കടലാസും പൂവും ചേർത്തി തോരണം ഒരുക്കി നന്ദി രേഖപ്പെടുത്തിയപ്പോൾ

പഴയങ്ങാടി റീത്ത വധം
പ്രതിക്ക് ജീവപര്യന്തം

തലശ്ശേരി: ഏഴോം കാവുംചാലിലെ ചെല്ലരിയൻ വീട്ടിൽ റീത്തയെ(36) പീഡിപ്പിച്ചശേഷം തലക്കടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതിയെ ജീവപര്യന്തം തടവിനും 20,000 രൂപ പിഴയടക്കാനും കോടതി ശിക്ഷിച്ചു. കണ്ണോത്തെ കിഴക്കെ വീട്ടിൽ അനീഷിനെ(25)യാണ് പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജ് എൻ. തുളസീഭായി ശിക്ഷിച്ചത്.

2007 ഒക്ടോ. 17നായിരുന്നു കേസിനാസ്പദമായ സംഭവം. റേഷൻ കടയിൽ അരിവാങ്ങാൻ പോയ റീത്തയുടെ മൃതദേഹം നഗ്നമായ നിലയിൽ പിറ്റേദിവസം ആൾപാർപ്പില്ലാത്ത പറമ്പിൽ കണ്ടെത്തിയെന്നായിരുന്നു പ്രോസിക്യൂഷൻ കേസ്.

റീത്തയുടെ ഭർത്താവ് ജോസ്, കുറ്റകൃത്യം ചെയ്തശേഷം പ്രതിപോകുന്നത് കണ്ട സാക്ഷി രാജീവൻ, പോസ്റ്റ്മോർട്ടം നടത്തിയ ഫോറൻസിക് വിദഗ്ധൻ ഡോ. ഗോപാലകൃഷ്ണപിള്ള, ഡിവൈ.എസ്.പി പി.പി. സദാനന്ദൻ തുടങ്ങി 27 സാക്ഷികളെ കോടതി വിസ്തരിച്ചു. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന വിനോദ്കുമാർ ചമ്പളോൻ ഹാജരായി.

മകളെ കഴുത്തറുത്ത് കൊന്ന കേസിൽ മാതാവിന് ജീവപര്യന്തം തടവ്

തലശ്ശേരി: വികലാംഗയായ ആറുവയസുകാരിയെ കഴുത്തറുത്ത് കൊലപ്പെടുത്തുകയും ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്ത കേസിൽ മാതാവിനെ ജീവപര്യന്തം തടവിന് കോടതി ശിക്ഷിച്ചു. പയ്യാവൂർ ശരണക്കുഴിയിലെ തോമസിന്റെ ഭാര്യ റോസമ്മ(38)യെയാണ് തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് എൻ. തുളസീഭായി ശിക്ഷിച്ചത്.

2010 മെയ് 24നായിരുന്നു കേസിനാസ്പദമായ സംഭവം. കാലിന് സ്വാധീനമില്ലാത്ത ആറുവയസുകാരിയായ മകൾ റോസ് മരിയയെ റോസമ്മ കൊടുവാൾകൊണ്ട് കഴുത്തറുത്ത് കൊലപ്പെടുത്തുകയും സ്വന്തം കൈകാലുകളിലെ ഞരമ്പ് മുറിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്തുവെന്നാണ് പ്രോസിക്യൂഷൻ കേസ്. റോസമ്മയെ ജാമ്യത്തിലിറക്കാൻ ആരുമെത്താത്തിനാൽ അവർ ജയിലിൽ കഴിഞ്ഞുവരികയായിരുന്നു. അഭിഭാഷകനില്ലാത്തതിനാൽ സർക്കാർ നിയോഗിച്ച അഭിഭാഷകയാണ് റോസമ്മക്ക് വേണ്ടി ഹാജരായത്.

സ്വന്തം മകളെ കൊലപ്പെടുത്താനുണ്ടായ സാഹചര്യം പരിഗണിച്ച് ശിക്ഷയിൽ ഇളവ് ചെയ്യാൻ ഹൈക്കോടതി മുഖേന സർക്കാറിനോട് ആവശ്യപ്പെടുമെന്ന് ജഡ്ജ് വിധിന്യായത്തിൽ പറഞ്ഞു.

ഇന്ന് സർവീസിൽ നിന്നും വിരമിക്കുന്ന ജഡ്ജ് എൻ. തുളസീഭായ് രണ്ട് കേസുകളിലും ജീവപര്യന്തം ശിക്ഷ വിധിച്ചാണ് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിടപറയുന്നത്. ദ്വിശതാബ്ദി പിന്നിട്ട തലശ്ശേരി കോടതിയിൽ നിന്ന് പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിയായി വിരമിക്കുന്ന ആദ്യ വനിതാജഡ്ജിയാണ് തുളസിഭായി.

തളിപ്പറമ്പ് അക്രമം: രണ്ട് ലീഗ് പ്രവർത്തകരും ഒരു സി പി എം പ്രവർത്തകനും അറസ്റ്റിൽ

തളിപ്പറമ്പ്: ലീഗ് - സി പി എം സംഘർഷത്തെ തുടർന്നുണ്ടായ അക്രമ സംഭവങ്ങളിൽ മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തു. തളിപ്പറമ്പ് ചിറയ്ക്ക് സമീപത്തെ രേവതി ടൈലേഴ്സ് കത്തിച്ചതിനും മക്തബ് ഓഫ് സെറ്റ് പ്രസ്സ് കത്തിച്ചതിനും കുട്ടുക്കാരൻ മുനീർ (25), കായക്കോൽ മുസമ്മിൽ (27) എന്നിവരെ ആണ് അറസ്റ്റ് ചെയ്തത്. നേരത്തെ നിരവധി കേസുകളിൽ പ്രതികളായ ഇവർ സംഘർഷം ആളിക്കത്തിക്കാൻ വേണ്ടിയായിരുന്നു ഇത്തരം സംഭവങ്ങൾ ചെയ്തതെന്നും പോലീസ് പറഞ്ഞു. കണ്ണൂരിൽ ബാങ്ക് എ ടി എം കൊള്ളയടിക്കാൻ ശ്രമിച്ച കേസിലെ പ്രതിയാണ് മുസമ്മിൽ. പട്ടുവം പഞ്ചായത്ത് അംഗം അരിയിലെ പി വി സൂബൈറിന്റെ വീടാക്രമിച്ച കേസിൽ

മുനീർ

മുസമ്മിൽ

പ്രതി സി പി എം പ്രവർത്തനകനായ പരബൂലിലെ പി വിപിനാ(18)ണ് അറസ്റ്റിലായ മറ്റൊരാൾ. കഴിഞ്ഞ 22ന് ആയിരുന്നു കേസിനാസ്പദമായ സംഭവം. ശുക്കൂർ വധത്തെ തുടർന്നാണ് വിവിധ പ്രദേശങ്ങളിൽ സംഘർഷമരങ്ങേറിയത്.

അതിനിടെ കൊല്ലപ്പെട്ട ലീഗ് പ്രവർത്തകൻ അബ്ദുൽ ശുക്കൂറിന്റെ വീട് മുസ്ലിം ലീഗ് സംസ്ഥാനജനറൽ സെക്രട്ടറി കെ പി എ മജീദ്, ലീഗ് മണ്ഡലം ജില്ലാ സെക്രട്ടറി സാദിഖലി ശിഹാബ് തങ്ങൾവി പി വമ്പൻ, വി കെ അബ്ദുൽ ഖാദർ മൗലവി, പി മുഹമ്മദ് ഇഖ്ബാൽ,കൊങ്ങായി മുസ്തഫ, എം ഹുസൈൻ, എന്നിവർ സന്ദർശിച്ചു.

ജയരാജാ താൻ കണ്ണൂരിലെ വലിയ ആളാണെന്ന് മനസ്സിലായില്ലേ': കെ എം ഷാജി

കണ്ണൂർ: വി എസിനെ പേടിപ്പിക്കും പോലെ തന്നെ വിരട്ടാൻ പി ജയരാജൻ കരുതേണ്ടെന്ന് കെ എം ഷാജിയുടെ മറുപടി. വയനാട് ചുരമിറങ്ങി സി പി എമ്മിന്റെ കോട്ടയായ അഴീക്കോട് മണ്ഡലം പിടിച്ചെടുത്ത് ആണാണെന്ന് താൻ തെളിയിച്ചതായി കെ എം ഷാജി പറഞ്ഞു.

ഇന്ത്യയിലെ ഒരു ജില്ലയായ കണ്ണൂരിൽ വരാനും പോകാനും തനിക്ക് പി ജയരാജന്റേയോ സി പി എമ്മിന്റേയോ എൻ ഒ സി വേണ്ട. പിണറായി വിജയനും ഇ പി ജയരാജനുമെല്ലാം തിരുവനന്തപുരത്തും പിറവത്തും ഓടിനടക്കുമ്പോൾ തന്നോട് വയനാട്ടിൽ തന്നെ കഴിഞ്ഞോളണമെന്ന് പറയാൻ പി ജയരാജൻ ആരാ ഷാജി ചോദിച്ചു. നായനാരും ഇ പി ജയരാജനും എം വി ഗോവിന്ദനുമൊക്കെ കണ്ണൂർക്കാരല്ലേ. ഇവർ തൃശൂരിലും എറണാകുളത്തും താൽക്കാലിക സെക്രട്ടറിമാരായി വിലസിയിട്ടില്ലേ.

വിളിച്ച് പറയുമ്പോൾ ബുദ്ധി ഉപയോഗിച്ച് വേണം ജയരാജാ. മെനഞ്ഞെടുക്കുന്ന കള്ളക്കഥകൾ പൊളിയുമ്പോൾ ആളുകളെ തീവ്രവാദികളാക്കുന്നതും കുറ്റപ്പെടുത്തി അക്രമിക്കുന്നതും ഭീഷണിപ്പെടുത്തുന്നതുമെല്ലാം സി പി എമ്മിന്റെ പഴയ തന്ത്രമാണ്. ഇതെല്ലാം ജനങ്ങൾ തിരിച്ചറിയുമെന്ന് സി പി എമ്മിന് മനസ്സിലാക്കാൻ സാമാന്യ വിവരമില്ലെങ്കിലും സി പി എമ്മിന്റെ ജില്ലാ സെക്രട്ടറിക്ക് വേണം ഷാജി പറഞ്ഞു.

ലീഗിലെ തീവ്രവാദി താനെന്ന ജയരാജന്റെ പ്രസ്താവനയിൽ തീവ്രവാദികൾക്കെതിരെ ലീഗിന്റെ നിലപാട് എന്താണെന്ന് പാർട്ടി പ്രവർത്തകർക്കറിയാം. ജയരാജന്റെ ഉപദേശം വേണ്ട. തളിപ്പറമ്പിലെ അക്രമത്തിൽ നേതൃത്വം നൽകിയ ജയരാജൻ മറുപടി പറഞ്ഞ് സമയം കളയണ്ട. എല്ലാ ദിവസവും പത്രസമ്മേളനവും പത്ര ഓഫീസിലും കയറി കഴുതക്കാമം കരഞ്ഞ് തീർക്കുന്നത് പോലെയാണ് അദ്ദേഹം ചെയ്യുന്നതെന്ന് ഷാജി കൂട്ടിചേർത്തു.

ശുക്കൂർ വധം; പ്രതികൾ 60: പോലീസ് സംഘം കൊല്ലത്തും മംഗലാപുരത്തും തിരിച്ചു

കണ്ണപുരം: എം എസ് എഫ് തളിപ്പറമ്പ് മണ്ഡലം ട്രഷററും യൂത്ത് ലീഗ് പ്രവർത്തകനുമായ അബ്ദുൽ ശുക്കൂർ വെട്ടേറ്റ് മരിച്ച സംഭവത്തിൽ എസ് പിയുടെ പ്രത്യേക അന്വേഷണ സ്കാഡ് അഞ്ച് പേരെ ഇന്ന്കാലത്ത് ചോദ്യം ചെയ്തു. വളപട്ടണം സി ഐ യു പ്രേമൻ, ഡി സി ആർ ബി സി ഐ റഹീം എന്നിവരുടെ നേതൃത്വത്തിൽ 16 അംഗ സ്കാഡാണ് ഈ കേസ് അന്വേഷണം നടത്തുന്നത്.

കൊലക്കേസിൽ അറുപതോളം പ്രതികളാണുള്ളത്. ബ്രാഞ്ച് , ലോക്കൽ സെക്രട്ടറിമാരും ഏരിയാ കമ്മിറ്റി മെമ്പർമാരും പ്രതിപട്ടികയിലുണ്ടെന്നാണ് സൂചന. വാഹനം തടഞ്ഞു നിർത്തി പി ജയരാജനും ടി വി രാജേഷ് എം എൽ എക്കും മറ്റും നേരെ നടന്ന അക്രമത്തിന് പിന്നാലെയാണ് അബ്ദുൽ ശുക്കൂർ കണ്ണപുരത്ത് വെച്ച് കൊല്ലപ്പെട്ടത്. 200ഓളം ആളുകൾ വളഞ്ഞ് വെച്ചാണ് ശുക്കൂറിനെയും കൂടെയുണ്ടായിരുന്നവരെയും അക്രമിച്ചതെന്നാണ് പോലീസിന് കിട്ടിയ സൂചന. പ്രതികളിൽ ചിലർ കൊല്ലത്തും മംഗലാപുരത്തും രക്ഷപ്പെട്ടതായി പോലീസിന് വിവരം ലഭിച്ചു. ഇതിനെ തുടർന്ന് പോലീസ് സംഘം ഇവിടത്തേക്ക് തിരിച്ചത്. അതിനിടെ ചിലർ കണ്ണപുരം ഭാഗത്തുള്ള കാട്ടിൽ ഒളിച്ചിരിക്കുകയാണെന്നും സംശയിക്കുന്നു. വീടുകളിൽ റെയ്ഡ് നടത്തിയപ്പോൾ പ്രതികളെന്ന് കരുതുന്നവർ പിടികൂടാനായില്ല. കഴിഞ്ഞ 21ന് തിങ്കളാഴ്ച ഉച്ചക്കാണ് ശുക്കൂറിനെ ഒരു സി പി എം പ്രവർത്തകർ വെട്ടിക്കൊന്നത്.

മുൻ പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ 116ാം ജൻമദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങ് മുൻ കേന്ദ്രമന്ത്രി ഒ രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു സുദിനം

നവജാതശിശുക്കളുടെ കേൾവിക്കുറവ് കണ്ടെത്തൽ പരിശോധനയിൽ കണ്ണൂർ ഇനി ഒരുപടി മുന്നിൽ

കണ്ണൂരിൽ ആദ്യമായി നവജാതശിശുക്കളുടെ കേൾവി കുറവ് ജൻമനാ കണ്ടുപിടിച്ച് പ്രശ്നപരിഹാരം നൽകുന്നതിന്റെ ആദ്യ കാൽവെപ്പാണ് കണ്ണൂർ ഫാത്തിമ ഹോസ്പിറ്റലിലെ അറിയപ്പെടുന്ന ശിശുരോഗ വിദഗ്ധനും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കണ്ണൂർ ബ്രാഞ്ച് പ്രസിഡന്റുമായ ഡോ. എസ് വി അൻസാരി, ഫാത്തിമ ഹോസ്പിറ്റൽ ഗൈനക്കോളജിസ്റ്റ് ഡോ. ബിന്ദു കോശി എന്നിവരുടെ നേതൃത്വത്തിൽ C.A.R.E (Centre for Audiological Rehabilation & Special Education) ഓഡിയോളജി & സ്പീച്ച് തെറാപ്പി ക്ലിനിക്ക് കണ്ണൂരും, ഫാത്തിമ ഹോസ്പിറ്റലും സംയുക്തമായി ആരംഭിക്കുന്നു.

ജൻമനാ ഉള്ള ശ്രവണ വൈകല്യം ഒരു പ്രധാന വീഴ്ചയാണ്. ഇത് വളരുന്ന കുട്ടികളുടെ സംസാരശേഷി വികലമാകുന്നതോടൊപ്പം ഭാഷയേയും ഓമനകളുടെ അറിവിന്റെ വികാസത്തേയും ബാധിക്കുന്നു. സുഖപ്രസവത്തോടെ ജനിക്കുന്ന കുട്ടികളുടെ കേൾവിക്കുറവ് ആയിരം കുട്ടികൾക്ക് ഒന്ന് മുതൽ മൂന്ന് ശതമാനം വരെയും, സുഖപ്രസവത്തിലൂടെ അല്ലാതെ ജനിക്കുന്ന കുട്ടികളുടെ കണക്കെടുക്കുമ്പോൾ ഇതിന്റെ തോത് രണ്ട് ശതമാനം മുതൽ നലാ ശതമാനം വരെയും ആകുന്നു. രണ്ടായിരാമാണ്ടിൽ Rehabilation (പുനരധിവാസ) Council of India യുടെ സർവ്വേപ്രകാരം ഇന്ത്യയിൽ ജനിക്കുന്ന ആയിരത്തിൽ നാല് കുട്ടികൾക്കും ഗഹനമായ ശ്രവണ വൈകല്യങ്ങൾ കണ്ടു വരുന്നുണ്ട്. ആയതിനാൽ ജൻമനായുള്ള കേൾവിക്കുറവ് നേരത്തെ കണ്ടെത്തി പ്രതിവിധികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഇവരെ സംയോജിപ്പിച്ച് നിർത്തുകയെന്നതാണ്.

ഇന്ത്യൻ അക്കാദമി ഓഫ് പിഡീയാട്രീഷ്യൻസ് കൊച്ചി, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഇത്തരം സംരഭങ്ങൾ ആരംഭിച്ച് വിജയകരമായിരുന്നു. ഇത്തരത്തിലുള്ള പരിപാടി അനുസരിച്ച് എല്ലാ നവജാത ശിശുക്കളേയു കണ്ണൂരിൽഹോസ്പിറ്റലിൽ വെച്ച് ഡിസ്ചാർജിന് മുമ്പായി ഓട്ടോ അക്കൗസ്റ്റിക് എമിഷൻ (OAE) സാങ്കേതി വിദ്യ ഉപയോഗിച്ച് പരിശോധനയും രണ്ടാഴ്ച കഴിഞ്ഞ് പുനപരിശോധനയും നടത്തുന്നു. ഈ ടെസ്റ്റുകകളിൽ പരാജയപ്പെടുകയോ, അസാധാരണമായി ഫലം വരികയോ ആണെങ്കിൽ Auditory Brainstem Response (ABR) ടെസ്റ്റ് ചെയ്ത് ശ്രവണ വൈകല്യം ഉറപ്പിക്കുന്നതിനോടൊപ്പം ഇതിന് വേണ്ടുന്ന ചികിത്സാ രീതി അനുമാനിച്ച് ശ്രവണ സഹായി നൽകുന്നതിനോടൊപ്പം ചെവിക്കകത്ത് ഘടിപ്പിക്കാവുന്ന കോക്ലിയർ ഇൻപ്ലാന്റ് നൽകുകയും സംസാര ശേഷിക്കുവേണ്ടുന്ന ചികിത്സാ രീതി ലഭ്യമാക്കുകയും ചെയ്യുന്നു.

-advt

ഐക്യരാഷ്ട്ര സഭ റിപ്പോർട്ട്: ഇന്ത്യ ലഹരിയിൽ മുങ്ങുന്നു

ന്യൂഡൽഹി: ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ലഹരിയുടെ തലസ്ഥാനമായി ഇന്ത്യ മാറുകയാണെന്ന് റിപ്പോർട്ട്. ദക്ഷിണേഷ്യയിൽ നിന്നും കടത്തുന്ന 40 ടൺ ഹെറോയിനിൽ 17 ടണും എത്തുന്നത് ഇന്ത്യയിലേക്കാണെന്നാണ് ഐക്യരാഷ്ട്ര സഭ പുറത്തു വിട്ട റിപ്പോർട്ടിൽ പറയുന്നത്. മറ്റു ഏഷ്യൻ രാജ്യങ്ങളിലേക്കും ആഫ്രിക്ക, വടക്കേ അമേരിക്ക, ചൈന, യൂറോപ്പ് തുടങ്ങി രാജ്യങ്ങളിലേക്കും ആകെ എത്തുന്നത് 15 ടൺ മാത്രമാണത്രെ. ഇന്ത്യയിലെത്തുന്ന ഹെറോയിൻ അന്താരാഷ്ട്ര കമ്പോള വിലയനുസരിച്ച് ഏകദേശം 1400 കോടി ഡോളറിന്റേതാണെന്നും ഇന്റർനാഷണൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ(ഐ എൻ സി ബി)യുടെ വാർഷിക റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. അഫ്ഘാനിൽ നിന്നുമാത്രം 8 ടൺ ഹെറോയിൻ ഇന്ത്യയിലെത്തുമ്പോൾ ഏഴു ടൺ ഹെറോയിൻ ഇന്ത്യയിൽ തന്നെ ഉല്പാദിപ്പിക്കുന്നവയാണെന്നും റിപ്പോർട്ട് പറയുന്നു.

ഇന്ത്യയിലെ വൻനഗരങ്ങളിൽ ഹെറോയിൻ ഉപയോഗം ഞെട്ടിപ്പിക്കുന്നതാണെന്ന് റിപ്പോർട്ടിൽ വിവരിക്കുന്നു. കഴിഞ്ഞ വർഷം മുംബൈയിൽ മാത്രം 23 കിലോഗ്രാം ഹെറോയിൻ പിടികൂടിയിരുന്നു. വിദ്യാർത്ഥികളാണ് ഹെറോയിൻ ഉപയോഗിക്കുന്നവരിൽ ഏറെയുമത്രെ. ഹെറോയിൻ കൂടാതെ ലഹരി കൂടിയ കറുപ്പിന്റെ ഉപയോഗവും ഇന്ത്യയിൽ വർധിച്ചു വരികയാണെന്നും റിപ്പോർട്ട് മുന്നറിയിപ്പു നൽകുന്നു.

മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ ആകെ വിതരണം ചെയ്യപ്പെടുന്ന ഹെറോയിനേക്കാളും കൂടുതൽ എത്തുന്നത് ഇന്ത്യയിലാണെന്നും 1400 കോടി രൂപയുടെ ഹെറോയിൻ ഇന്ത്യയിൽ എത്തുന്നുണ്ടെന്നും റിപ്പോർട്ടി പറയുന്നു

രാജ്യത്ത് ഏകദേശം 30 ലക്ഷം പേർ ലഹരി കൂടിയ കറുപ്പ് ഉപയോഗിക്കുന്നവരാണ്.

രാജ്യത്തെ അഭ്യന്തര ഉപഭോഗം കൂടാതെ അയൽരാജ്യങ്ങളിലേക്ക് ലഹരി കടത്തുന്നതിനുള്ള ഇടത്താവളമായും ഇന്ത്യ മാറുകയാണെന്ന ഗുരുതരമായ കണ്ടെത്തലും റിപ്പോർട്ടിലുണ്ട്.

ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക, പാക്കിസ്ഥാൻ എന്നിവിടങ്ങളിലെ ലഹരിമരുന്നു മാഫികയൾക്ക് ഹെറോയിൻ എത്തിക്കുന്നതും ഇന്ത്യയിൽ നിന്നാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

രാജ്യം ലോകത്തെ വൻശക്തിയായി മാറുകയാണെന്ന വാർത്തകൾക്കിടെ പുറത്തു വന്ന റിപ്പോർട്ട് അങ്ങേയറ്റം ആശങ്കാജനകമാണ്. അഭ്യന്തര ഉപഭോഗത്തോടൊപ്പം ലഹരിമരുന്ന് കടത്താനുള്ള ഇടത്താവളമായും ഇന്ത്യ മാറുകയാമെന്ന സൂചന അതീവ ഗൗരവത്തോടെ തന്നെ കാണേണ്ടി വരും.

HOLIDAY HOME
വിവാഹം, വിവാഹേതര ആവശ്യാർത്ഥം കണ്ണൂരിലേക്ക് വരുന്നവർക്ക് കുടുംബ സമേതം താമസിക്കുവാനും കാറ്ററിംഗ് സംവിധാനത്തോടുകൂടി ആഘോഷങ്ങൾ സംഘടിപ്പിക്കുവാനും ഉചിതമായ ഒരിടം.
കൂടുതൽ വിവരങ്ങൾക്ക്:- 9446297725

സുദിനം

1187 കുംഭം 16 ശകവർഷം 1933 ഫാൽഗുനം 10 ഹിജറ 1433 റബീഉൽആഖർ 7

നാളെ വ്യാഴം രാഹുകാലം : 1.30 മുതൽ 3 വരെ
ഗുളികകാലം: 9 മുതൽ 10.30 വരെ
നക്ഷത്രം: രോഹിണി മുപ്പത്തിരണ്ടേഅരക്കാൽ നാഴിക
തിഥി: അഷ്ടമി മുപ്പത്തിരണ്ടേമുക്കാൽ നാഴിക
ഉദയം: 6.48 അസ്തമയം 6.34

ഒരിക്കലും വീഴാത്തതിലല്ല, വീഴുമ്പോഴൊക്കെ എഴുന്നേൽക്കുന്നതിലാണ് നമ്മുടെ വലിയ മാഹാത്മ്യം

-കൺഫ്യൂഷ്സ്

റോഡപകടങ്ങളും ഇന്ത്യൻ ശിക്ഷാനിയമവും; ജനപ്രതിനിധികളുടെ ശ്രദ്ധക്ക്

പല രൂപത്തിലും ഭാവത്തിലും അധികൃതരുടെ ശക്തമായ പരിഗണനക്ക് വിധേയമായിട്ടും പരിഹാരമാകാതെ സർക്കാറിനും മനുഷ്യ സമൂഹത്തിനും ഒരുവെല്ലുവിളിയുയർത്തുകയാണ് കേരളത്തിലെ വർധിച്ചുവരുന്ന റോഡപകടങ്ങൾ. അവ കുറച്ചുകൊണ്ടുവരാനുള്ള ലക്ഷ്യത്തോടെ വിവിധ പരിപാടികൾ ആവിഷ്കരിച്ച് വർഷം തോറും റോഡ് സുരക്ഷാവാരാഘോഷപരിപാടികൾ സർക്കാർ തലത്തിലിവിടെ സംഘടിപ്പിക്കുന്നു. കക്ഷിരാഷ്ട്രീയ ഭേദമന്യേ നേതാക്കൻമാർ റോഡപകടങ്ങളെ അപലപിച്ച് അതിശക്തമായ ഭാഷയിൽ പ്രസ്താവനകളിറക്കുന്നു. ആരുടെയും മനസലിയും വിധത്തിൽ വാർത്താമാധ്യമങ്ങൾ മുഖപ്രസംഗങ്ങളിലൂടെ പ്രതികരിക്കുന്നു. നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി പരമാവധി കർശന നടപടികളുമായി നിയമപാലകരും രംഗത്തുണ്ട്. പക്ഷെ വാഹനങ്ങളുടെ മരണപ്പാച്ചിലിന് വിധേയമായി നടക്കുന്ന നരഹത്യകളും പരിക്കേറ്റവരുടെ ദീനരോദനങ്ങളും ആരെയും ഞെട്ടിപ്പിക്കും വിധത്തിൽ ഇവിടെ വർധിച്ചുവരുന്നതേയുള്ളൂ.

എന്നാൽ റോഡ് അപകടങ്ങൾ വർധിച്ചുവരുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് മദ്യപിച്ചുള്ള ഡ്രൈവിംഗും അമിത വേഗതയുമാണെന്ന് കണക്കുകളിലൂടെ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. ഇത് വേണ്ടത്ര തടയപ്പെടാൻ സാധിക്കാതെ വരുന്നുണ്ടെങ്കിൽ അവിടെ നിയമങ്ങളുടെ പോരായ്മയാണ് കാരണമെന്ന് പറഞ്ഞാൽ നിഷേധിക്കപ്പെടാനാവുകയില്ല. യഥാർത്ഥത്തിൽ അതുതന്നെയാണ് സത്യം. വസ്തുതകൾ നമുക്കൊന്ന് പരിശോധിച്ചുനോക്കാം.

1860ൽ ബ്രിട്ടീഷുകാർ രൂപ കൽപ്പന ചെയ്ത ഇന്ത്യൻ ശിക്ഷാനിയമമാണ് വലിയ മാറ്റങ്ങൾക്കൊന്നും വിധേയമാക്കാതെ സ്വാതന്ത്ര്യം ലഭിച്ച് നീണ്ട 62 വർഷങ്ങൾ പിന്നിട്ടിട്ടും നമ്മുടെ രാജ്യത്ത് ഇന്നും നിലവിലുള്ളത് അപകടം ഉണ്ടാകാൻ സാധ്യതയുള്ള വിധം അശ്രദ്ധയോടും അമിതവേഗതയിലും വാഹനം ഓടിച്ചാൽ അത് കുറ്റകരമായി പ്രഖ്യാപിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 279-ാം വകുപ്പ് പ്രകാരമാണ്. വാഹനാപകടത്തെ തുടർന്ന് മരണം സംഭവിച്ചാൽ ഉപേക്ഷാപൂർവകമായ കൃത്യം കാരണം മരണം സംഭവിച്ചുവെന്ന് നിർവചന പരിധിയിൽ ശിക്ഷാനിയമത്തിലെ 304(എ) വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടിയാണ് സ്വീകരിക്കുന്നത്. 279-ാം വകുപ്പ് പ്രകാരം ആറുമാസം തടവോ ആയിരം രൂപ പിഴയോ രണ്ടും ചേർന്നുള്ളതോ ആണ് പരമാവധി ശിക്ഷയായി നിയമം അനുശാസിക്കുമ്പോൾ 304(എ) വകുപ്പ് പ്രകാരം പരമാവധി ശിക്ഷ രണ്ട് വർഷം തടവോ പിഴയോ രണ്ടും ചേർന്നതോ ആണ്. ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ് ബ്രിട്ടീഷുകാരൻ നിർണയിച്ച ആ ശിക്ഷ യാതൊരു മാറ്റവുമില്ലാതെ ഇന്നും തുടരുന്നുവെന്നതാണ് ഇവിടെ കണ്ടെത്തുന്ന ഏറ്റവും വലിയ വിരോധാഭാസം. കൂടാതെ അറസ്റ്റ് ചെയ്താൽ പോലീസ് തന്നെ ഉടൻ ജാമ്യമനുവദിക്കേണ്ടുന്ന ചെറിയ കുറ്റങ്ങളുടെ പരിധിയിലുമാണ് ഈ വകുപ്പുകളെ ഉൾപ്പെടുത്തിയിരിക്കുന്നതും.

കുറ്റം ചെയ്താൽ ഉടനെ പോലീസിൽ നിന്ന് ജാമ്യം ലഭിക്കുമെന്നതും കേസിന്റെ കാലതാമസം 99% വാഹനാപകട കേസുകളും കോടതിയിൽ തർക്കിക്കുമ്പോൾ ശിക്ഷയിൽ നിന്നൊഴിവാകാനുള്ള അവസരവും സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന അനുഭവങ്ങളും കുറ്റം തെളിയിക്കപ്പെട്ടാൽ നിസാരമായ പിഴ ശിക്ഷയിൽ ഒതുങ്ങുന്നുണ്ടെന്നുള്ളതും തുടങ്ങി ഈ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന ദുരവസ്ഥ അശ്രദ്ധയോടും അമിതവേഗതയിലും വാഹനമോടിക്കുന്നതിന് പ്രചോദനമരുളുന്നുണ്ടെന്നതും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു വളരെയേറെ ഒച്ചപ്പാടുകൾക്കും ദാരുണമരണങ്ങൾക്കുമിടയാക്കിയ വാഹനാപകടകേസുകളിൽ പ്രതികൾക്ക് പെട്ടന്ന് ജാമ്യം ലഭിക്കരുതെന്ന ഉദ്ദേശത്തോടെ കൊലപാതകകുറ്റമായ 302-ാം വകുപ്പും നരഹത്യാകുറ്റമായ 304-ാം വകുപ്പും ചേർത്ത് എഫ്ഐആറുകൾ തയാറാക്കി നിയമത്തിൽ മായം ചേർക്കുന്നതിന് പോലും പോലീസിനെ അടുത്തകാലത്ത് നിർബന്ധിതരാക്കിയത്.

വാഹനങ്ങൾ പെരുകുന്നതും അതനുസരിച്ചുള്ള റോഡ് വികസനമില്ലായ്മയും ഡ്രൈവർമാരുടെ അമിതവേഗതയേയും അശ്രദ്ധയേയും ന്യായീകരിക്കുന്നതിന് ഒരിക്കലുമൊരു കാരണമാകുന്നില്ല. നിലവിലുള്ള റോഡുകളുടെ നിലവാരമനുസരിച്ച് ശ്രദ്ധയോടെ വാഹനം ഓടിക്കുന്നതിന്റെ ഉത്തരവാദിത്വം ഡ്രൈവർമാരിൽ നിക്ഷിപ്തമാണ്. അപ്പോൾ മേൽകാര്യങ്ങൾ കൂട്ടിവായിക്കുമ്പോൾ അപകടങ്ങൾ തടയുന്നതിന് നിയമങ്ങളുടെ പോരായ്മയുണ്ടെന്നും കർശനമായ നിയമ വ്യവസ്ഥകൾ ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണെന്നും വെളിപ്പെടുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള ശിക്ഷാനിയമത്തിലെ 279-ാം വകുപ്പിനുള്ള ശിക്ഷ ഏറ്റവും ചുരുങ്ങിയത് ആറുമാസം തടവും ആയിരം രൂപ പിഴയും പരമാവധി ശിക്ഷ അഞ്ചുവർഷം തടവും അയ്യായിരം രൂപ പിഴയുമായി നിയമഭേദഗതി ചെയ്യപ്പെടേണ്ടതുണ്ട്. കൂടാതെ ജാമ്യമനുവദിക്കാത്ത വിഭാഗത്തിലുൾപ്പെടുത്തുകയും വേണം. അതേപ്രകാരം വാഹനാപകടത്തിൽ മരണം സംഭവിക്കുകയാണെങ്കിൽ ജീവപര്യന്തം തടവ് പരമാവധി ശിക്ഷയായി നിജപ്പെടുത്തുകയും സെഷൻസ് ട്രയലിന്റെ പരിധിയിൽകൊണ്ടുവരികയും വേണം. അതോടൊപ്പം വിചാരണനടപടികൾക്ക് ഇന്ന് നേരിടുന്ന കാലതാമസമൊഴിവാക്കാൻ വാഹനാപകടകേസുകൾക്കായി പ്രത്യേക കോടതിയും കേസ് തീർപ്പിന് ആറുമാസ സമയപരിധി നിർണയിച്ചുകൊണ്ടുള്ള നിയമഭേദഗതിയും ആവശ്യമാണ്. ഈ നിയമപരിഷ്കരണങ്ങളിലൂടെ റോഡപകടങ്ങളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്ന കാര്യം ഉറപ്പാണ്.

എന്നാൽ സെൻട്രൽ ആക്ടായ ഇന്ത്യൻ ശിക്ഷാനിയമത്തിൽ മാറ്റം വരുത്താൻ സംസ്ഥാനസർക്കാറിനധികാരമുണ്ടോ? സെൻട്രൽ ആക്ടുകളിലെ വ്യവസ്ഥകളിൽ സംസ്ഥാന സർക്കാറിന് ഭേദഗതികൾ വരുത്താൻ ഭരണഘടന അനുവദിക്കുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിൽ തന്നെ പല സംസ്ഥാനങ്ങളും ഇപ്രകാരം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഉദാഹരണമായി ഭക്ഷണത്തിലോ പാനീയത്തിലോ മായം ചേർക്കുന്നത് കുറ്റകരമായി പ്രഖ്യാപിക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 282-ാം വകുപ്പിൽ അതിൽ പ്രതിപാദിച്ച പരമാവധി ശിക്ഷ ആറുമാസം തടവെന്നത് ജീവപര്യന്ത തടവായി ഉയർത്തിക്കൊണ്ട് ഉത്തർപ്രദേശ് സംസ്ഥാന സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. പ്രസിഡന്റിന്റെ അനുമതിയോടെ ഇത്തരം മാറ്റങ്ങൾ വരുത്താവുന്നതാണ്.

വർധിച്ചുവരുന്ന റോഡപകടങ്ങളുടെ ഗുരുതരാവസ്ഥ ചൂണ്ടിക്കാട്ടി ഈയ്യിടെ എംപി അബ്ദുസമദ് സമദാനി എം എൽ എ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. 'അപകടങ്ങൾ തടയുന്നതിന് നിയമങ്ങളുടെ പോരായ്മയുണ്ടെങ്കിൽ എല്ലാ രാഷ്ട്രീയ കക്ഷികളും കൂടി യോജിച്ച് സമവായം ഉണ്ടാക്കി സമഗ്രമായ നിയമങ്ങൾ നിർമിക്കുവാൻ നിയമസഭയിൽ ഒന്നിച്ചുനിൽക്കണം. നിയമങ്ങളാകട്ടെ മുഖംനോക്കാതെ നടപ്പാക്കുകയും വേണം. ' അതെ നമ്മുടെ സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികളും മേൽസൂചിപ്പിച്ച വസ്തുതകളെ കുറിച്ച് ഒന്നിച്ചിരുന്ന് ആലോചിക്കുകയും ഒരുതീരുമാനത്തിലെത്തിച്ചേരുവാൻ തയാറെടുക്കുകയും ചെയ്യുമോ? അതുവഴി അപകടങ്ങളിലൂടെ തെരുവിൽ പിടയുന്ന പ്രാണനുവേണ്ടി ജനപ്രതിനിധികളുടെ മഹത്തായ സംഭാവന അർപ്പിക്കുവാൻ തയാറാകുമോ?

നിയമവും ജനങ്ങളും
– എ പി എം

കേരളത്തെ ഇരുട്ടിലാക്കരുത്

കേരളത്തിൽ വൈദ്യുതി പ്രതിസന്ധിയുണ്ടാവാൻ പോകുന്നു എന്ന മുന്നറിയിപ്പ് വൈദ്യുതി വകുപ്പിൽ നിന്നും പുറത്തിറങ്ങിക്കഴിഞ്ഞു. അത് നേരിടാനുള്ള വഴികളെക്കുറിച്ച് ചിന്തിക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. എസ്.എസ്.എൽ.സി,പ്ലസ് ടു പരീക്ഷക്ക് തയാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് തൽക്കാലം പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാം. പരീക്ഷ കഴിഞ്ഞാൽ ലോഡ് ഷെഡിംഗോ, പവർകട്ടോ പ്രഖ്യാപിക്കാനാണ് സാധ്യത. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം കുറയുകയും ഉപഭോഗം കൂടുകയും ചെയ്തതാണ് പ്രതിസന്ധിക്ക് ഒരു കാരണം. സംസ്ഥാനത്ത് ദിനം പ്രതി ഏകദേശം അഞ്ചരക്കോടി യൂനിറ്റ് വൈദ്യുതി ആവശ്യമുണ്ട്. രണ്ട് കോടി യൂനിറ്റ് മാത്രമെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ബാക്കിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നത് കേന്ദ്ര പൂളിൽ നിന്നും സ്വകാര്യ വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങിയാണ്. ഇത് ജല വൈദ്യുത പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ ചിലവേറിയതാണ്. നഷ്ടം സഹിച്ച് വൈദ്യുതി വിതരണം ഏറെ കാലം തുടരാൻ വൈദ്യുതി വകുപ്പിനാവില്ല. ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ആഭ്യന്തര സംരംഭങ്ങൾ കൂടുതൽ തുടങ്ങുക മാത്രമാണ് പോംവഴി. കേരളത്തിൽ വൈദ്യുതി ഉപഭോഗം 10 ശതമാനം കണ്ട് ഓരോ വർഷവും കൂടിവരികയാണ്. പക്ഷെ ഉൽപ്പാദനം കൂടുന്നില്ല. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ ഭീഷണിയെ തുടർന്ന് ഇടുക്കിയിൽ കൂടുതൽ വെള്ളം സ്റ്റോക്ക് ചെയ്യാനാവാതെ ഒഴുക്കി വിട്ടത് സംസ്ഥാനത്ത് ഈ വർഷം വൈദ്യുതി പ്രതിസന്ധി രൂക്ഷമാക്കാൻ കാരണമായി. വേനൽ മഴ ആവശ്യത്തിന് ലഭിച്ചതുമില്ല. വൻകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാനുള്ള നടപടികൾ പരിസ്ഥിതി വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് മുടങ്ങിപ്പോവുകയാണ്.

മുൻ കാലങ്ങളെ അപേക്ഷിച്ച് ഈ വർഷം ചൂട് കൂടുമെന്നാണ് കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. ഇത് ശരിയായി വന്നാൽ മാർച്ച്,ഏപ്രിൽ,മെയ് മാസം ദൈവത്തിന്റെ നാട് കനത്ത ചൂടിൽ വെന്തുരുകും. കേരളത്തെ പോലെ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും വൈദ്യുതി പ്രതിസന്ധിയുണ്ട്. അവർ നേരത്തെ കേന്ദ്ര പൂളിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കാൻ ലൈനുതൾ ബുക്ക് ചെയ്തു കഴിഞ്ഞു. ഇത് കേരളത്തിന് വൈദ്യുതി കൊണ്ടു വരാൻ ലൈൻ ലഭ്യമല്ലാത്ത അവസ്ഥയുണ്ടാക്കിയിരിക്കുകയാണ്. ചെറുകിട ജല വൈദ്യുത പദ്ധതി പരമാവധി പ്രയോജനപ്പെടുത്തിയും സൗരോർജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കിയും പ്രതിസന്ധി നേരിടാൻ നടപടികൾ സ്വീകരിക്കണം. കാറ്റ്,തിരമാല, ബയോഗ്യാസ് എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടികളും ഉടൻ ആരംഭിക്കണം. കാലവർഷം തുടങ്ങുന്നത് വരെ കേരളം ഇരുട്ടിലാവാതിരിക്കാൻ ഇപ്പോൾ തന്നെ ആവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സർക്കാറിന്റെ പ്രഥമ പരിഗണന ഊർജാവശ്യം നിറവേറ്റുന്നതിനാവണമെന്നാണ് ജനം ആഗ്രഹിക്കുന്നത്.

നയന ചികിത്സാ സഹായം തേടുന്നു

കൂത്തുപറമ്പ് : പ്ലസ് വൺ വിദ്യാർത്ഥിനി ചികിത്സാ സഹായം തേടുന്നു. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ കോയിലോട് നവോദയ വായനശാലക്ക് സമീപം ചാമയിൽ ഉത്തമന്റെയും വിലാസിനിയുടെയും മകളും കൂത്തുപറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനിയുമായ സി പി നയന രക്താർബുദം ബാധിച്ച് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.

ദീർഘകാലം നീണ്ടുനിൽക്കുന്ന ചികിത്സ വേണ്ടി വരുന്ന രോഗമാണ് നയനയുടേത്. 15ലക്ഷത്തോളം രൂപ ചെലവ് വരുമെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ആറ് സെന്റ് ഭൂമിയിൽ ഒരു കൊച്ചുവീട് മാത്രമുള്ള നയനയുടെ കുടുംബത്തിന് ഇത്ര വലിയ സംഖ്യ കണ്ടെത്താൻ സാധിക്കുകയില്ല. അതുകൊണ്ട് നാട്ടുകാർ ചേർന്ന് ചികിത്സാ കമ്മറ്റിക്ക് രൂപം നൽകി. മുൻ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ബാലൻ ചെയർമാനും വാർഡ് മെമ്പർ പി സി ഗംഗാധരൻ മാസ്റ്റർ കൺവീനറുമായുള്ള ചികിത്സാ കമ്മറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സാമ്പത്തിക സഹായങ്ങൾ എസ് ബി ഐ കൂത്തുപറമ്പ് ശാഖയിലെ 322044 29135 ാം-നമ്പർ അക്കൗണ്ടിലേക്കോ മാങ്ങാട്ടിടം സർവീസ് സഹകരണ ബേങ്ക് വെള്ളപ്പന്തൽ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ (6) ആറിലോ അയക്കണമെന്ന് കമ്മറ്റി അഭ്യർത്ഥിച്ചു.

നഷ്ടമായത് മികച്ച സംഘാടകനെ; സി പി വിജയന് അന്ത്യാഞ്ജലി

കണ്ണൂർ: പോരാട്ടവീര്യങ്ങൾക്ക് ചൂടും ചൂരും പകർന്ന് വിപ്ലവ പ്രവർത്തനങ്ങളെ സജീവമാക്കിയിരുന്ന സി പി വിജയന് ആയിരങ്ങളുടെ അന്ത്യാഞ്ജലി. കുട്ടികളെ സംഘടിപ്പിച്ച് പൊതുരംഗത്തെത്തി വടക്കെമലബാറിലെ ട്രേഡ് യൂനിയൻ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകരിലൊരാളായി മാറിയ സി പി ജില്ലയിൽ എഐടിയുസിയുടെ അമരക്കാരിലൊരാളായിരുന്നു. ധൻരാജ് കമ്പനിയിൽ എഐടിയുസി യൂനിയൻ കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്ക് വഹിച്ചത് സി പിയായിരുന്നു. വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സിൽ യൂനിയൻ പ്രസിഡന്റായിരുന്നു താൻ ഉൾപ്പെടെ മൂന്നുപേരെ വെസ്റ്റേൺ ഇന്ത്യാപ്ലൈവുഡ്സിൽ നിന്നും പിരിച്ചുവിട്ടപ്പോൾ ദിവസങ്ങളോളം നീണ്ടുനിന്ന നിരാഹാര സമരത്തിന് നേതൃത്വം നൽകുകയും അവസാനം ആനുകൂല്യങ്ങൾ ലഭ്യമാക്കി സമരം അവസാനിപ്പിക്കുന്നതിലും സിപിയുടെ പങ്ക് ചരിത്രത്തിന്റെ ഭാഗമാണ്.

കണ്ണൂരിലെ തിരുവേപ്പതി മിൽ അടച്ചുപൂട്ടിയതിനെതിരെ നീണ്ടുനിന്ന സമരത്തിന്റെ മുൻനിര പ്രവർത്തകൻ കൂടിയായിരുന്നു. ഇടക്കുവെച്ച് ഇദ്ദേഹം നക്സൽ പ്രസ്ഥാനത്തിന്റെ ഭാഗമായി. വസന്തത്തിന്റെ ഇടിമുഴക്കത്തിന് കാതോർത്ത് വയനാടൻ കാടുകളെ വിറപ്പിച്ച വർഗീസിന്റെ സഹപ്രവർത്തകൻ കൂടിയായിരുന്ന സി പി ഗ്രോവാസുവിനൊപ്പം മാവൂർ ഗ്വാളിയോർ റയോൺസ് സമരത്തിലും പങ്കെടുത്തിരുന്നു. നക്സൽ നേതാവ് ചാരു മജുംദാർ പങ്കെടുത്ത ഇരിണാവിലെ രഹസ്യയോഗത്തിലും ഇദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. 1970ൽ അറസ്റ്റിലായ സിപി പോലീസിന്റെ ക്രൂരമർദനത്തിനിരയായിരുന്നു.

അസുഖബാധിതനായ സിപി ഇന്നലെ കാലത്താണ് ചൊവ്വ അശോക കമ്പനിക്ക് സമീപത്തെ പനക്കട വീട്ടിൽ അന്തരിച്ചത്. സംസ്കാരം ഇന്ന് കാലത്ത് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ പയ്യാമ്പലത്ത് നടന്നു. ഭാര്യ: കെ പി മാലിനി. മക്കൾ: സി പി സന്തോഷ്കുമാർ (സി പി ഐ ജില്ലാഅസി. സിക്രട്ടറി, എ ഐ ടി യു.സി ജില്ലാ ജനറൽ സിക്രട്ടറി) സവിത, സജിത.മരുമക്കൾ: ഉഷ (കേരള മഹിളാ സംഘം ജില്ലാ സിക്രട്ടറി) മോഹനൻ, സത്യൻ.

സി പി വിജയന്റെ നിര്യാണത്തിൽ സി പി ഐ (എം എൽ) അസി. സിക്രട്ടറി കെ എൻ രാമചന്ദ്രൻ അനുശോചിച്ചു. അവിഭക്ത കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ ട്രേഡ് യൂനിയനും ജില്ലയിൽ സിപിഐ (എം എൽ) പ്രസ്ഥാനവും കെട്ടിപ്പടുക്കാൻ സജീവ നേതൃത്വം നൽകിയ വ്യക്തിയായിരുന്നു സി പി വിജയനെന്ന് അദ്ദേഹം അനുസ്മരിച്ചു. സി പി വിജയന്റെ നിര്യാണത്തിലൂടെ തൊഴിലാളി വർഗരാഷ്ട്രീയത്തിന് നികത്താനാവാത്ത നഷ്ടമാണ് ഉണ്ടായതെന്ന് സിപിഐ (എം എൽ) ജില്ലാകമ്മറ്റി അനുസ്മരിച്ചു. പി എ അബൂബക്കർ, വിനോദ്കുമാർ രാമന്തളി, സണ്ണി അമ്പാട്ട് പി വി അശോകൻ, പി വി പത്മനാഭൻ എന്നിവർ സംസാരിച്ചു.

പൊട്ടും പൊടിയും

രാംസ്വാമി

കോഴിക്കോട് മോണോ റെയിൽ പ്രായോഗികം
-ഇ ശ്രീധരൻ
കണ്ണൂരിലും ഒരു പരിശോധന ആവാമായിരുന്നു

* * *

ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിൽ സർക്കാർ സ്കൂളുകൾ മുന്നിൽ
-ടൂറിസം മന്ത്രി
പക്ഷെ പ്രോത്സാഹനം ലഭിക്കുന്നത് സ്വകാര്യ സ്കൂളുകൾക്കാണല്ലോ

* * *

കോൺഗ്രസും യുഡിഎഫും ഒരുമിച്ച് പ്രവർത്തിച്ചാൽ പിറവത്ത് പതിനായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷം ഉറപ്പ്
-എ കെ ആന്റണി
ഒരുമിച്ച് പ്രവർത്തിക്കില്ലെന്നറിയുന്നത് കൊണ്ടാണ് എൽഡിഎഫ് വിജയം അവകാശപ്പെടുന്നത്

* * *

പദ്ധതി നിർവഹണത്തിൽ ചൈനയേയും ഗുജറാത്തിനെയും കണ്ടുപഠിക്കാം
-പത്രത്തിൽ കണ്ടത്
ആ പേരും പറഞ്ഞ് ഒരു യാത്ര തരപ്പെടുത്താം

* * *

പാലക്കാടൻ ചൂട് 40 ഡിഗ്രി കവിഞ്ഞു, സൂര്യതാപത്തിന് സാധ്യത
-വാർത്ത
ഒരു ഹർത്താൽ നടത്തിനോക്കിയാലോ

ഇന്നത്തെ സിനിമ

കവിത 70MMA/CDTSPh:2763822 ഗോസ്റ്റു റൈ ലർ (ഇ 4)
ലിറ്റിൽകവിത 35MM A/C DTSPh:കാസനോവ (മ 4)
സാഗര Ph: 2706808 ചൈനീസ് മസാല (മ .3)നൂൺ: ഞാനും എന്റെ ഫാമിലിയും
സവിത A/C DTS Ph:2706181 ഏക്ദിവാന താ (ഹി .4)
സരിത A/C DTS Ph: 2706808 സെക്കന്റ്ഷോ (മ.4)
സമുദ്ര A/C DTS Ph: 2706808 ഫാദേഴ്സ് ഡെ (മ 3.)നൂൺ: ഉന്നം
സംഗീത DTS Ph: 2706181 കരിങ്കാലി (4)
അമ്പിളി DTS UFO Ph: 2700549മുപ്പഴതും മുൾ കൽപനൈകൾ (ത. 4)
എൻ. എസ് DTS Ph: 2768135 കാട്ടുപുലി (ത 4)
ഇരിട്ടി ന്യൂ ഇന്ത്യപാരഡൈസ് Ph:2493467 ഞാനും എന്റെ ഫാമിലിയും (മ.4)
ന്യൂഇന്ത്യ Ph: 2491265 ബ്യൂട്ടിഫുൾ (മ 4)

ആയുർവേദ മെഡിക്കൽ കോളേജിന് മുന്നിൽ ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണം

പരിയാരം: മലബാറിലെ ഏക ആയുർവേദ മെഡിക്കൽ കോളേജായ പരിയാരത്തെ ആയുർവേദ ആശുപത്രിക്ക് മുന്നിൽ എല്ലാ ബസുകളും നിർത്തണമെന്ന ആവശ്യം ശക്തിപ്പെടുന്നു. വിദ്യാർത്ഥികളും അധ്യാപകരും ചികിത്സാർത്ഥം വരുന്ന രോഗികളും ബന്ധുക്കളുമടക്കം ആയിരത്തോളം പേർ നിത്യേന ആയുർവേദ കോളേജിൽ ബസ് മാർഗം എത്തുന്നുണ്ട്. പക്ഷെ പല ബസുകളും കോളേജിന് മുന്നിൽ നിർത്താത്തതിനാൽ പരിയാരം മെഡിക്കൽ കോളേജ് സ്റ്റോപ്പിറങ്ങി നടന്നും ഓട്ടോപിടിച്ചുമാണ് രോഗികളും ആയുർവേദ കോളേജിലെത്തുന്നത്. കെഎസ് ആർ ടി സി ബസുകളും സ്വകാര്യ ബസുകളും ഇവിടെ നിർത്താൻ നടപടി സ്വീകരിക്കണമെന്ന് ആയുർവേദ കോളേജ് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. ദീർഘദൂര ബസുകളെല്ലാം ഈ സ്റ്റോപ്പിനെ അവഗണിക്കുകയാണ്. വൃദ്ധരായ രോഗികളാണ് കൂടുതലും ആയുർവേദ മെഡിക്കൽ കോളേജിലെത്തുന്നത്. ഇവരുടെ സൗകര്യാർത്ഥം ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നും ഇക്കാര്യത്തിൽ സ്ഥലം എം എൽ എയും എം പിയും മുൻകയ്യെടുക്കണമെന്നും വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. പരിയാരം മെഡിക്കൽകോളേജിന്റെ അതേപ്രാധാന്യം ആയുർവേദ മെഡിക്കൽ കോളേജിനും ഉണ്ടെന്ന കാര്യം അധികാരികളിൽ പലരും മറന്നുപോകുന്നതായി വിദ്യാർത്ഥികൾ പറഞ്ഞു. കോഴിക്കോട് മുതൽ കാസർകോഡ് വരെയുള്ളവർ ഈ കോളേജിൽ നിത്യേന ചികിത്സക്കായി എത്തുന്നുണ്ട്.

ബീച്ച് റെയിൽവെ സ്റ്റേഷനെന്ന് പുനർനാമകരണം ചെയ്യണം

കണ്ണൂർ: ലോക ടൂറിസം ഭൂപടത്തിൽ മുഖ്യസ്ഥാനം ലഭിച്ച മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലേക്കുള്ള പ്രവേശന കവാടമായ എടക്കാട് റെയിൽവെ സ്റ്റേഷന് മുഴപ്പിലങ്ങാട് ബീച്ച് റെയിൽവെ സ്റ്റേഷനെന്ന് പുനർ നാമകരണം ചെയ്യണമെന്ന് മലബാർ ഡവലപ്പ്മെന്റ് ഫ്രന്റ് കേന്ദ്ര കമ്മറ്റിയോഗം റെയിൽവെ അധികൃതരോടാവശ്യപ്പെട്ടു. എക്സ്പ്രസ് മെയിൽ ട്രെയിനുകൾക്ക് എടക്കാട് സ്റ്റോപ്പ് അനുവദിക്കണമെന്നും ഡവലപ്പ്മെന്റ് ഫ്രന്റ് ബന്ധപ്പെട്ട വോട് അഭ്യർത്ഥിച്ചു. പ്രസിഡന്റ് നന്ദനം ടി വേലായുധൻ അധ്യക്ഷത വഹിച്ചു. റിട്ട. തിഹാർ ജയിൽ സൂപ്രണ്ട് കെ അച്ചുതൻ നായർ മുഖ്യ പ്രഭാഷണം നടത്തി. ജന. സിക്രട്ടറി സതീഷ് ചന്ദ്രൻമാസ്റ്റർ, വൈസ് പ്രസിഡന്റ് മാരായ പി രാജീവൻ, കാടാമ്പുഴ ദേവരാജൻ തുടങ്ങിയവർ സംസാരിച്ചു.

മതചൂഷണം ചോദ്യം ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ട്

കത്തുകൾ

ഏതാനും വ്യാജ കേശങ്ങളുമായി രംഗത്തുവന്ന് അത് പ്രവാചകൻ മുഹമ്മദ് നബിയുടെതാണെന്ന് പറഞ്ഞ്

ഹൈക്കോടതിയെ സമീപിക്കും

കണ്ണൂർ: ബംഗലൂരു സ്ഫോടന കേസിൽ നിന്നും ഒഴിവാക്കണമെന്ന മദനിയുടെ അപേക്ഷ തള്ളിയ വിചാരണ കോടതി വിധി അങ്ങേയറ്റം വേദനാ ജനകമാണെന്നും വിധിക്കെതിരെ ചാർജ് ലഭിച്ചാലുടൻ നിയമസെല്ലുമായി ആലോചിച്ച് കർണാടക ഹൈക്കോടതിയെ സമീപിക്കുമെന്നും പി.ഡി.പി സംസ്ഥാന സിക്രട്ടറി നിസാർ മേത്തർ വർത്താക്കുറിപ്പിൽ പറഞ്ഞു. എല്ലാ മനുഷ്യാവകാശങ്ങളും ലംഘിച്ച് ഒരു പൗരനെ തടവറയിലിട്ട് ഇല്ലായ്മ ചെയ്യാൻ കേവല താൽപ്പര്യത്തിന്റെ പേരിൽ ഭരണകൂടങ്ങൾ നടത്തുന്ന ഭീകര കിരാതവാഴ്ചയുടെ ഇരയായി മദനി മാറുമ്പോൾ ഭരണകൂടം കാണിക്കുന്ന കുറ്റകരമായ മൗനം പരിഷ്കൃത സമൂഹത്തിന് ഏറെ അപമാനമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

പരിയാരം മെഡിക്കൽ കോളേജ് ഭരണസമിതിയെ പിരിച്ചുവിടണം

കണ്ണൂർ: സഹകരണ ജനാധിപത്യം കശാപ്പ് ചെയ്ത് അധികാരം പിടിച്ചെടുക്കുകയും വ്യാപകമായ അഴിമതിയും കരാർ ലംഘനവും സ്വജനപക്ഷപാതവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പരിയാരം മെഡിക്കൽ കോളേജ് ഭരണസമിതിയെ പിരിച്ചുവിടണമെന്ന് കേരളാ കോ-ഓപ് വർക്കേഴ്സ് (എച്ച്.എം.എസ്) ജില്ലാ കൺവെൻഷൻ മുഖ്യമന്ത്രിയോടും സഹകരണ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടു.

കൺവെൻഷൻ സി.എം.പി ആക്ടിംഗ് ജനറൽ സിക്രട്ടറി പാട്യം രാജൻ ഉദ്ഘാടനം ചെയ്തു. കെ.വി. വിജയൻ അധ്യക്ഷതവഹിച്ചു. സി.എ അജീർ, കെ.കെ. നാണു സംസാരിച്ചു.

പിന്നോക്ക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ഏഴാം ക്ലാസ് വരെ 750, പത്താംക്ലാസ് വരെ 1000 രൂപ

കണ്ണൂർ: പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകും. ഇതിന്റെ ഭാഗമായി അർഹരായ വിദ്യാർത്ഥികളുടെ വിവര ശേഖരണം ആരംഭിച്ചു. കേന്ദ്ര സർക്കാറാണ് സ്കോളർഷിപ്പിനുള്ള ഫണ്ട് നൽകുന്നത്.

മുൻ കാലങ്ങളിലും ഫണ്ട് കേന്ദ്രത്തിൽ നിന്ന് ലഭിച്ചിരുന്നുവെങ്കിലും വിതരണം ചെയ്യാതെ ലാപ്സായി പോവുകയായിരുന്നു. ഇതിനെതിരെ നിരവധി സംഘടനകൾ പ്രതിഷേധമുയർത്തുകയും സമരങ്ങൾ നടത്തുകയും ചെയ്തതിനൊടുവിൽ പിന്നോക്ക സമുദായങ്ങൾക്ക് മാത്രമായി പ്രത്യേകവകുപ്പ് രൂപീകരിക്കുകയായിരുന്നു. ഇതോടെയാണ് സ്കോളർഷിപ്പ് വിതരണത്തിനുള്ള വഴി തെളിഞ്ഞത്.

അടുത്തിടെ രൂപീകരിച്ച പിന്നോക്ക വകുപ്പിന് ജില്ലാ താലൂക്ക് ഓഫീസുകളും ജീവനക്കാരും ഇത് വരെ ആയിട്ടില്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാ താലൂക്ക് ഓഫീസുകൾ വഴിയാണ് സ്കോളർഷിപ്പിനാവശ്യമായ വിവരശേഖരണം നടത്തുന്നത്.

പിന്നോക്ക വികസന വകുപ്പിന്റെ സംസ്ഥാന ഡയറക്ടർക്ക് ഇപ്പോൾ പട്ടിക ജാതി വികസനവകുപ്പിന്റെ ചുമതല കൂടി ഉള്ളതിനാലാണ് പട്ടിക ജാതി വികസന വകുപ്പ് വഴി വിവര ശേഖരണം നടത്താൻ നടപടികളായത്. സർക്കാർ, എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. ഒന്നാം സ്റ്റാന്റേർഡ് മുതൽ ഏഴാം സ്റ്റാന്റേർഡ് വരെ പരമാവധി 750 രൂപയും എട്ട് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 1000 രൂപയുമാണ് സ്കോളർഷിപ്പ് നൽകുക. നിലവിൽ സ്റ്റൈപ്പന്റ് ലഭിക്കുന്ന മുസ്ലിം വിദ്യാർത്ഥികൾക്കും പിന്നോക്ക വികസന വകുപ്പിന്റെ സ്കോളർഷിപ്പിന് അർഹതയുണ്ട്.

വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനം 44500 രൂപയിൽ കവിയരുത്. ഇന്ന് സ്കൂളുകൾ അതത് മേഖലകളിലെ പട്ടിക ജാതി വികസന വകുപ്പ് ഓഫീസുകൾക്ക് അർഹരായ വിദ്യാർഥികളുടെ പട്ടിക കൈമാറണം. രക്ഷിതാക്കളുടെ വാർഷിക വരുമാനം തെളിയിക്കുന്ന സത്യപ്രസ്താവനയും പട്ടിക യ്ക്കൊപ്പം സ്കൂൾ അധികൃതർ നൽകണം.

നിലവിൽ ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിൽ നിന്ന് സ്കോളർഷിപ്പ് ലഭിക്കുന്ന പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിക്കൾക്കും പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒ ഇ സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കില്ല. സ്കൂളിലാണ് സ്കോളർഷിപ്പ് തുക എത്തുക. ഈ അധ്യയന വർഷം മുതൽ തുക നൽകാനാണ് തീരുമാനം.

വിവിധ പിന്നോക്ക സമുദായ സംഘടനകളുടെ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ശേഷമാണ് ചരിത്ര നേട്ടമായി സ്കോളർഷിപ്പ് അനുവദിക്കുന്നത്. പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകവകുപ്പില്ലാതിരുന്നത് മൂലം കേന്ദ്രത്തിൽ നിന്ന് സ്കോളർഷിപ്പ് വഴി ലഭിച്ച കോടിക്കണക്കിന് രൂപയാണ് വിതരണം ചെയ്യാതെ മുൻ കാലങ്ങളിൽ നഷ്ടപ്പെട്ടത്. പിന്നോക്ക വികസന വകുപ്പിന് ജില്ലാ താലൂക്ക് ഓഫീസുകളും പ്രോമോട്ടർമാരും ഉണ്ടാകുന്നതോടെ ഭവനനിർമ്മാണവും സ്വയം തൊഴിൽ വായ്പയും സഹായധന ആനുകൂല്യങ്ങളും ഉൾപ്പെടെ വിവിധ ക്ഷേമപദ്ധതികൾ കൂടി ആരംഭിക്കാൻ കഴിയും. നിലവിൽ പിന്നോക്ക വികസന വകുപ്പിന് റീജണൽ ഓഫീസ് മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്.

എ.കെ. ഖാദർക്കുട്ടി അനുസ്മരണ പ്രഭാഷണം ഇന്ന്

ഫുട്ബോളിന് പിറകെ ബ്രസീൽ മരവ്യവസായത്തിലും മുന്നിൽ: കമാലുദ്ദീൻ

കണ്ണൂർ: മരത്തിന്റെ ലഭ്യതക്കുറവ് പ്ലൈവുഡ് വ്യവസായത്തെ ബാധിക്കുന്നതായി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് ജനറൽ മാനേജർ കെ.പി കമാലുദ്ദീൻ പത്രസമ്മേളനത്തിൽ പറഞ്ഞു. വിപണിയിൽ ഫർണിച്ചർ ഉൽപ്പന്നത്തിന് ഡിമാന്റുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ച് നിർമാണം നടക്കുന്നില്ല. മരത്തിന്റെ ക്ഷാമമാണ് ഇതിന് കാരണം. പ്രധാനമായും ബർമയിൽ നിന്നാണ് മരം ഇറക്കുമതി ചെയ്യുന്നത്. മലേഷ്യ പോലുള്ള രാജ്യങ്ങളിൽ നിന്നും മരം ഇറക്കുമതിചെയ്യുന്നത് തടഞ്ഞിരിക്കയാണ്. മലേഷ്യയിൽ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ഒരു നിർമാണശാല തുടങ്ങിയിട്ടുണ്ട്. അവിടെനിന്ന് മരത്തിന് പകരം സെമിവെനീർ തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളാക്കി മരം ഇവിടേക്ക് കൊണ്ടുവരികയാണ്. ബ്രസീൽ പോലുള്ള രാജ്യങ്ങളിൽ വളരെ കൃത്യമായാണ് മരം മുറിക്കലും മറ്റും നടക്കുന്നത്. 750 ഏക്കറോളം മരം നട്ടു പിടിപ്പിക്കുകയും അത് ശാസ്ത്രീയമായി മുറിച്ചെടുത്ത് ഫർണിച്ചറുകളും മറ്റും നിർമിക്കുകയും ചെയ്യുകയാണ്. എന്നാൽ നമ്മുടെ നാട്ടിൽ ലഭ്യമായ മരങ്ങൾ ഉപയോഗിച്ച് ഫർണിച്ചർ നിർമിക്കുകയാണ് ചെയ്യുന്നത്.ഇത് ഗുണമേൻമയെ ബാധിക്കാനിടയുണ്ട്. ഇതിന് തങ്ങൾ നിർമാണത്തിന്റെ ടെക്നോളജി ഉപയോഗിച്ച് ഗുണമേൻമ ഉറപ്പു വരുത്താനാണ് ശ്രമിക്കുന്നത്. എങ്കിലും നൂറുശതമാനം ഇക്കാര്യത്തിലില്ല.

ഇന്ത്യയിൽ ഹാർഡ്ബോർഡുകൾ നിർമിക്കുന്ന കമ്പനി തങ്ങളുടേത് മാത്രമാണെന്നും അദ്ദേഹം അവകാശപ്പെട്ടു. പലരും ഹാർഡ്ബോഡ് നിർമാണത്തിൽ നിന്ന് പിന്തിരിയുകയാണ്. ഉൽപ്പാദന ചെലവിനനുസരിച്ച് ലാഭം കിട്ടുന്നില്ല എന്നതാണ് ഇതിനു കാരണം. മെഷീന്റെയും കെമിക്കലിന്റെയും ചെലവ് കൂടുതലാണ്. ഇത് കാരണമാണ് ഹാർഡ്ബോർഡ് വ്യവസായത്തിൽ പലരും താൽപ്പര്യം കാണിക്കാത്തത്. കമാലുദ്ദീൻ കൂട്ടിച്ചേർത്തു.

കണ്ണൂർ സർവകലാശാല മാനേജ് മെന്റ് സ്റ്റഡീസ് വിഭാഗവും ദി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡും സംയുക്തമായി സംഘടിപ്പിക്കുന്ന ഒമ്പതാമത് എ.കെ ഖാദർകുട്ടി അനുസ്മരണ പ്രഭാഷണം ഇന്ന് വൈകീട്ട് 3.30ന് സാധു കല്യാണ മണ്ഡപത്തിൽ നടക്കും. കാസിസോ ഗ്രൂപ്പ് ഓഫ് ഹോട്ടൽ മാനേജിംഗ് ഡയറക്ടർ ജോസ് ഡോമിനിക്ക് 'നിലനിൽപ്പ് വ്യവസായത്തിലെ പ്രധാന ഘടകം' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തും. വൈസ് ചാൻസലർ പി.കെ. മൈക്കിൾ തരകൻ അധ്യക്ഷത വഹിക്കും.

സർവകലാശാലയിൽ എം.ബി.എയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള എ.കെ ഖാദർകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റ് അവാർഡ് വിതരണം പി.കെ മുഹമ്മദ് നിർവഹിക്കും. വാർത്താ സമ്മേളനത്തിൽ സർവകലാശാല മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം തലവൻ പ്രൊഫ. ടി.അശോകൻ,എളയടത്ത് അഷ്റഫ് എന്നിവരും പങ്കെടുത്തു.



പ്രശസ്ത കവിയും പ്രഭാഷകനുമായ അബൂട്ടി മണക്കായിയെ കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ പ്രശസ്ത സിനിമാ നടനും തിരക്കഥാകൃത്തുമായ കെ.സി.കെ. ജബ്ബാർ പൊന്നാടയണിയിച്ച് ആദരിക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നടപടി പ്രശംസനീയം: കെ. സുരേന്ദ്രൻ

കണ്ണൂർ: മത്സ്യത്തൊഴിലാളികൾ വെടിയേറ്റ് മരിക്കാനിടയായ ഇറ്റാലിയൻ കപ്പലിനെയും കുറ്റവാളികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാനും കുറ്റവാളികൾക്കെതിരെ കർശന നിലപാടുകൾ സ്വീകരിക്കുകയും ചെയ്ത കേന്ദ്ര-സംസ്ഥാന ഗവർമെന്റുകളുടെ നടപടി പ്രശംസനീയമാണെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന സിക്രട്ടറി കെ. സുരേന്ദ്രൻ.

ആയിക്കരയിൽ മത്സ്യവിതരണ അനുബന്ധതൊഴിലാളി കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്കും അനുബന്ധ വിതരണ തൊഴിലാളികൾക്കും ജീവൻ സംരക്ഷണ പദ്ധതി ആവിഷ്കരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവർമെന്റുകൾ മുന്നോട്ട് വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് പി. കരുണാകരൻ മാസ്റ്റർ അധ്യക്ഷതവഹിച്ചു. ജനറൽ സിക്രട്ടറി എ.ടി. നിഷാന്ത്, പ്രേമരാജൻ കാട്ടാമ്പള്ളി, സി.എച്ച് ഇന്ദ്രപാലൻ സംസാരിച്ചു.

ആചാരം ആഘോഷം

ഏച്ചൂർ കനകച്ചേരിക്കാവ് മഹോത്സവം വെള്ളിയാഴ്ച തുടങ്ങും

കണ്ണൂർ: ഏച്ചൂർ കനകച്ചേരി ശ്രീ കൂറുമ്പക്കാവ് മഹോത്സവം മാർച്ച് 2ന് സമാപിക്കും. കാനച്ചേരി ഉത്സവ് 12 എന്ന് പേരിട്ട വിനോദ വിജ്ഞാന വിപണനമേളയും കാർണിവലും ചിത്രരചനാ കവിതാലാപന മത്സരവും ഒരുക്കിയിട്ടുണ്ട്. മൈന്റ് ഫ്യൂഷൻഷോ, മിമിക്സ് പരേഡ്, ആധ്യാത്മിക പ്രഭാഷണം, നാടകം, മറ്റ് കലാപരിപാടികൾ എന്നിവയുമുണ്ടാകും. പത്രസമ്മേളനത്തിൽ ക്ഷേത്രകമ്മറ്റി പ്രസിഡന്റ് പി.വി. ചന്ദ്രൻ, പ്രോഗ്രാംകമ്മറ്റി ചെയർമാൻ കെ. പി. ധനഞ്ജയൻ. ജന. കൺവീനർ ജി. രാജേന്ദ്രൻ, എം. സുമിത്രൻ എന്നിവർ പങ്കെടുത്തു.

തോണിയോട്ട് കുറുംബ ക്ഷേത്രത്തിൽ താലപ്പൊലി മഹോൽസവം

തോട്ടട: നാലുനാൾ നീണ്ടുനിൽക്കുന്ന തോണിയോട്ട് കുറുംബ ഭഗവതി ക്ഷേത്ര താലപ്പൊലി മഹോൽസവം മാർച്ച് ഒന്നിന് തുടങ്ങും.

രാവിലെ 7 മണിക്ക് മുല്ലപ്പള്ളി മനക്കൽ വെള്ളൂർമന ക്കൽ തന്ത്രിമാരുടെ മുഖ്യ കാർമികത്വത്തിൽ ഗണപതി ഹോമം, വൈകീട്ട് 5 മണിക്ക് കൊടിയേറ്റം, രാത്രി 7.30ന് നൃത്തനൃത്യങ്ങൾ രണ്ടിന് വെള്ളിയാഴ്ച രാത്രി 8 മണിക്ക് നാട്ടറിവ് പാട്ടുകൾ, രാത്രി 1.30 മുതൽ പൂജാദി കർമങ്ങൾ, മൂന്നിന് ശനിയാഴ്ച വൈകീട്ട് ആറുമണിക്ക് ഭജന, രാത്രി 8മണിമുതൽ കലശവരവ്. മേലായി അടിയറ വരവ്,രാത്രി11 മണിക്ക് കാഴ്ച വരവ്, രാത്രി 1.30 മുതൽ പൂജാകർമങ്ങൾ,മറ്റ് ചടങ്ങുകൾ,നാലിന് വ്യാഴാഴ്ച കാലത്ത് ക്ഷേത്രച്ചടങ്ങുകൾ.

മുത്താനഭഗവതീക്ഷേത്ര പ്രതിഷ്ഠാദിന വാർഷികത്തിന് തുടക്കമായി

കൂത്തുപറമ്പ്: കൈതേരി 12-ാം മൈൽ ശ്രീ മുത്താനക്കാവ് ഭഗവതി ക്ഷേത്രത്തിലെ പുനപ്രതിഷ്ഠാ വാർഷിക മഹോത്സവത്തിന് തുടക്കമായി. ഉച്ചക്ക് 1.30ന് കൊടിയേറ്റം, വൈകീട്ട് 3മണിക്ക് കലവറ നിറക്കൽ, ദീപാരാധന, ഗുരുകാരണവൻ തിറ, വസൂരിമാല, 1ന് വൈകീട്ട് ദീപാരാധന, വെള്ളാട്ടങ്ങൾ, 2ന് തെയ്യംതിറകൾ.

കണ്ണൂർ സംഗീതസഭയുടെ പ്രതിമാസ സംഗീത പരിപാടിയിൽ കുന്ദക്കുടി ബാലമുരളീകൃഷ്ണ(ചെന്നൈ) യുടെ സംഗീതപരിപാടിയിൽ നിന്ന്

കൂത്തുപറമ്പ് മഹോത്സവം; സംഘാടകസമിതി നാളെ

കൂത്തുപറമ്പ്: കൂത്തുപറമ്പ് മഹോത്സവം സംഘാടകസമിതി യോഗം മാർച്ച് ഒന്നിന് വ്യാഴാഴ്ച വൈകീട്ട് 6.30ന് ലിന്റാസ് റസിഡൻസിയിൽ ചേരുമെന്ന് കൺവീനർ പി. മഹീന്ദ്രൻ അറിയിച്ചു.

ബലാലയ പ്രതിഷ്ഠ തകർത്ത സംഭവത്തിൽ അന്വേഷണം തുടങ്ങി

പാപ്പിനിശ്ശേരി: ഹാജി റോഡിലെ പരത്തിവളപ്പിൽ തറവാട് ശ്രീശാസ്തപ്പൻ ക്ഷേത്ര പുനർനിർമാണത്തിന്റെ ഭാഗമായി നടത്തിയ ബലാലയ പ്രതിഷ്ഠ തകർത്ത കേസിൽ വളപട്ടണം പോലീസ് അന്വേഷണം തുടങ്ങി. ഇന്നലെ കാലത്താണ് പ്രതിഷ്ഠ തകർത്ത നിലയിൽ കാണപ്പെട്ടത്. ചെറുവാടത്തിൽ മോഹനൻ നൽകിയ പരാതിയിലാണ് പോലീസ് അന്വേഷണം തുടങ്ങിയത്. പോലീസ് നായയെ സ്ഥലത്ത് കൊണ്ട് വന്ന് തെളിവെടുത്തു. പോലീസ് നായ ക്ഷേത്രത്തിന് നൂറ് മീറ്റർ അകലെയുള്ള ഒരു വാടക കെട്ടിടത്തിന് സമീപം രണ്ട് തവണ ചെന്ന് നിന്നു.

പ്രതിഷേധ പ്രകടനം നടത്തി

കണ്ണൂർ: നിയമവിരുദ്ധമായി പ്രവർത്തിക്കാത്തതിന്റെ പേരിൽ കണ്ണപുരം വില്ലേജ് ഓഫീസർ പത്മനാഭനെ ഓഫീസിൽ കയ്യേറി കയ്യേറ്റം ചെയ്തതിൽ എൻ.ജി.ഒ യൂനിയൻ ചെറുകുന്ന് തറയിൽ പ്രകടനവും പൊതുയോഗവും സംഘടിപ്പിച്ചു.

സംസ്ഥാന കമ്മറ്റി അംഗം എം.വി ശശിധരൻ, ജില്ലാ പ്രസിഡന്റ് സി.എച്ച് പ്രദീപ് കുമാർ, കെ.എം.സദാനന്ദൻ തുടങ്ങിയവർ സംസാരിച്ചു.

പലയിടത്തും ബന്ദിന്റെ പ്രതീതി; കണ്ണൂരിൽ പൂർണം

കണ്ണൂർ: ജനജീവിതം അത്യന്തം ദുസ്സഹമാക്കുന്ന നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ട് പ്രമുഖ ട്രേഡ് യൂനിയനുകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് രാജ്യത്തെ അക്ഷരാർത്ഥത്തിൽ നിശ്ചലമാക്കി.

പൊതുപണിമുടക്ക് പലയിടത്തും ബന്ദിന്റെ പ്രതീതി സൃഷ്ടിച്ചു. തൊഴിൽശാലകളും വ്യവസായ ശാലകളും അടഞ്ഞുകിടന്നു. വ്യാപാരമേഖലയിൽ വിദേശനിക്ഷേപകരെ കൊണ്ടുവരാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് വ്യാപാരികളും കച്ചവടക്കാരും രംഗത്തിറങ്ങിയത് വൻകിട ചെറുകിട വ്യാപാര മേഖല സ്തംഭിക്കുന്നതിനിടയാക്കി.

കേരളത്തിൽ തൊഴിൽ-വ്യവസായമേഖലകൾ പൂർണമായും സ്തംഭിച്ചു. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിലച്ചു. വാഹനങ്ങളും നിരത്തിലിറങ്ങിയില്ല. പണിമുടക്കിലേർപ്പെട്ട ട്രേഡ് യൂനിയനുകൾ ജില്ലാ ആസ്ഥാനത്തും മറ്റും പ്രകടനങ്ങളും നടത്തി. ദേശസാൽകൃത ബേങ്കുകളും പൊതുമേഖലാ സ്ഥാപനങ്ങളും അടഞ്ഞുകിടന്നു. തപാൽ ജീവനക്കാരുടെ സംഘടനകളും പണിമുടക്കിയതിനാൽ ഈ മേഖലയും പൂർണമായും സ്തംഭിച്ചു.

പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംയുക്ത ട്രേഡ് യൂനിയൻ സമിതിയുടെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രകടനം നടത്തി. കണ്ണൂരിൽ നടന്ന പ്രകടനത്തിൽ പി. ജയരാജൻ, സി. രവീന്ദ്രൻ, കെ.പി സഹദേവൻ, എൻ. ചന്ദ്രൻ, താവം ബാലകൃഷ്ണൻ, പി. വി. കൃഷ്ണൻ, വയക്കാടി ബാലകൃഷ്ണൻ നേതൃത്വം നൽകി.

അതേസമയം ഐ.എൻ.ടി.യു.സിയും ബി.എം.എസ്സും പ്രകടനത്തിൽ പങ്കെടുക്കാത്തത് പ്രത്യേകം ശ്രദ്ധേയമായി. വേജ് ബോർഡ് ശുപാർശ മാനേജുമെന്റുകൾ ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടായിരുന്നു പത്രപ്രവർത്തകരും ജീവനക്കാരും പ്രകടനം നടത്തിയത്.

പത്രപ്രവർത്തക യൂനിയൻ സംസ്ഥാന ജന. സിക്രട്ടറി മനോഹരൻ മോറായി, കെ. എൻ. ഇ. എഫ് സംസ്ഥാന സിക്രട്ടറി സി. മോഹനൻ എന്നിവർ സംസാരിച്ചു. പ്രസ്ക്ലബ്ബ് സിക്രട്ടറി സി. കെ. കുര്യാച്ചൻ സ്വാഗതം പറഞ്ഞു.

ആവശ്യമുണ്ട്
കണ്ണൂരിലെ വില്ലാ പ്രൊജക്ടിലേക്ക് പാർട്ണറെ ആവശ്യമുണ്ട്
9446093134

സ്ഥലം വിൽപനക്ക്
1. തോട്ടട ബീച്ചിൽ വീട്ട് നമ്പറോടുകൂടിയ 12 സെന്റ് സ്ഥലം വിൽപനക്ക്
2. പള്ളിയാംമൂല ബീച്ചിനടുത്തായി 28സെന്റ് സ്ഥലം വിൽപനക്ക്.
8129198111

സ്ഥലം വിൽപനക്ക്
ഏച്ചൂരിനടുത്ത് റോഡ് സൗകര്യത്തോടുകൂടിയ 30 സെന്റ് സ്ഥലം വിൽപനക്ക്. (ബ്രോക്കർമാർ ആവശ്യമില്ല)
9249200365

യൂണിഫോം സാരീസ്
നൂർടെക്സ്
തളിപ്പറമ്പ
Ph: 9562491026

ബഹു: തലശ്ശേരി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ മുമ്പാകെ
I.A 810/2010 O.P. (M.V) 188/2005
എലിസബത്ത് വർഗ്ഗീസ്, D/o തോമസ്സ് -ഹരജിക്കാരി
അലക്സ് ജേക്കബ് മുതൽ രണ്ട് ആൾ -എതിർകക്ഷികൾ
To
അലക്സ് ജേക്കബ്, S/o ജേക്കബ്, എരമംഗലത്ത് ഹൗസ്, മഞ്ഞക്കാട് വയക കര അംശം, പി.ഒ. ചെറുപുഴ.
-ഒന്നാം എതിർകക്ഷി
മേൽ നമ്പറിലെ ഒന്നാം എതിർകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്താൻ അനുവദിച്ച് ഹരജി 03-03-2012-ന് വിചാരണക്ക് വെച്ച വിവരം ഇതിനാൽ നിങ്ങളെ അറിയിക്കുന്നു.
(ഒപ്പ്) ടി.വി. അജയകുമാർ
ഹരജിഭാഗം അഡ്വക്കറ്റ്, പയ്യന്നൂർ

ദാമ്പത്യ ജീവിതം നിരാശ പൂണ്ടവർ
ദാമ്പത്യജീവിത പരാജയത്തിന് കാരണമാകുന്ന നാഡിതളർച്ച, ഉദ്ധാരണ ശേഷിക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, തൃപ്തിയില്ലായ്മ, വലിപ്പക്കുറവ്, സ്ത്രീകൾക്ക് ഉണ്ടാകുന്ന വെള്ളപോക്ക്, സ്തനവലിപ്പക്കുറവ് തുടങ്ങി എല്ലാ രഹസ്യരോഗങ്ങൾക്കും ഫലപ്രദമായ യൂനാനി ചികിത്സ ഇന്നുതന്നെ ഹക്കീം അവർകളെ നേരിൽ കാണുക. വയസ് പ്രശ്നമല്ല. പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകിട്ട് 5.30 വരെ.
ഫോൺ: 8129209023, 9388824933

ന്യൂ അജന്താ ക്ലിനിക്ക് (യുനാനി)
ഇന്ത്യൻ ബാങ്കിന് സമീപം, കോട്ടച്ചേരി, കാഞ്ഞങ്ങാട്, ഫോൺ : 8129209023, 9388824933
തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഡോക്ടർ ഉണ്ടായിരിക്കുന്നതാണ്.
പരിശോധന സമയം : 10 മണി മുതൽ വൈകിട്ട് 5.30 വരെ
അൽ-മദീന ഹെൽത്ത് ക്ലിനിക്ക് (യുനാനി)
ലക്ഷ്മി കോംപ്ലക്സ്, റൂം നമ്പർ-5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തളാപ്, കണ്ണൂർ-4.
ഫോൺ: 8129209023. ചൊവ്വ, വ്യാഴം, ശനി, ഞായർ ദിവസങ്ങളിൽ ഡോക്ടർ ഉണ്ടായിരിക്കുന്നതാണ്.

Chittariparamba Service Co-operative Bank.Ltd.,
NO. F. 1483, P.O.CHITTARIPARAMBA-670650
KANNUR (Dist), H.O.Ph: 2300585
Branch: Manantheri. Ph: 2300878,
Chittariparamba Tow Evening. Ph: 2381185
ആവശ്യമുണ്ട്
ബേങ്കിൽ ഒഴിവുള്ള താഴെ പറയുന്ന തസ്തികക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു

ക്രമ നമ്പർ	തസ്തിക	ഒഴിവുകളുടെ എണ്ണം	യോഗ്യത
1	പ്യൂൺ	ഒന്ന്	8ാം വകുപ്പ് പ്രകാരം

അപേക്ഷകൾ 9.03.2012ന് 5 PM നുള്ളിൽ സിക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതാണ്
ചിറ്റാരിപ്പറമ്പ് എന്ന് കൽപന പ്രകാരം
25.2.2012 ഒപ്പ്, സിക്രട്ടറി

പാരമ്പര്യ ശിൽപ്പവേല തൊഴിലാളി ക്ഷേമ സഹകരണ സംഘം
ലിമി. സി. 1385 പി.ഒ. വാരം കണ്ണൂർ ജില്ല
Ph: 0497 2723131
മാന്യരെ,
പാരമ്പര്യ ശിൽപ്പവേല തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം 2012 മാർച്ച് 11 ന് ഞായറാഴ്ച കാലത്ത് 10 മണിക്ക് വാരം യു.പി. സ്കൂളിൽ വെച്ച് താഴെ ചേർന്ന കാര്യപരിപാടികൾ അനുസരിച്ച് ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗത്തിൽ പങ്കെടുക്കുവാൻ എല്ലാ 'എ' ക്ലാസ് മെമ്പർമാരെയും ക്ഷണിച്ചു കൊള്ളുന്നു.
വാരം എന്ന്
10-02-2012 ഭരണസമിക്കുവേണ്ടി
അജണ്ട സെക്രട്ടറി (ഒപ്പ്)
(1) സ്വാഗതം
(2) അദ്ധ്യക്ഷ പ്രസംഗം
(3) അനുശോചനപ്രമേയം
(4) 2009-2010, 2010-2011 വർഷത്തിലെ പ്രവർത്തനറിപോർട്ട്
(5) 2009-2010, 2010-2011 വർഷത്തിലെ വരവു ചെലവ് കണക്ക്
(6) 2011-2012, 2012-2013 വർഷങ്ങളിലെ കരട് ബഡ്ജറ്റ്
(7) 2007-2008 വർഷങ്ങളിലെ ഓഡിറ്റ്റിപോർട്ടും ന്യൂനത പരിഹരണവും
(8) ബൈലോ ഭേദഗതികൾ
(9) ചോദ്യങ്ങളും പ്രമേയങ്ങളും
(10) നന്ദി പ്രകടനം
ബൈലോഭേദഗതി (സംക്ഷിപ്ത വിവരം)
• ബൈലോ നമ്പർ 16എ. ഭരണസമിതി അംഗങ്ങളുടെ എണ്ണം 11 ആയി വർദ്ധിപ്പിക്കൽ വനിതാ സംവരണം 3 ആയി വർദ്ധിപ്പിക്കൽ ഒരു സീറ്റ് പട്ടികജാതി/ പട്ടികവർഗ്ഗ അംഗത്തിനും സംവരണം ചെയ്യൽ
• ബൈലോ നമ്പർ എ(2). ഭരണസമിതിയുടെ ക്വാറം ആറായി മാറ്റൽ
• ബൈലോ നമ്പർ17(II)15. വായ്പക്കാരായ മെമ്പർമാർക്ക് റിസ്ക് ഫണ്ട് പദ്ധതി ഏർപ്പെടുത്തൽ
• ബൈലോ നമ്പർ17(II)16. സഹകരണ വികസനക്ഷേമ നിധിയിൽ അംശദായം അടക്കൽ
• ബൈലോ നമ്പർ17(II)4(C). മെമ്പർമാരുടെ വായ്പാ പരിധി വർദ്ധിപ്പിക്കൽ
• ബൈലോ നമ്പർ17(II)

ഗാന്ധിജിയെ അമേരിക്കൻ സഭ മാമോദീസ മുക്കിയെന്ന് വെളിപ്പെടുത്തൽ

വാഷിംഗ്ടൺ: മഹാത്മ ഗാന്ധിയെ അമേരിക്കയിലെ പ്രമുഖ ക്രൈസ്തവ സന്യാസി സഭയായ ലാറ്റർ ഡേ സെയിന്റ്സ്(എൽ ഡി സ്) മാമോദിസ മുക്കിയെന്ന വെളിപ്പെടുത്തൽ വിവാദമാകുന്നു. അമേരിക്കയിലെ ഹിന്ദുസംഘടനാ വക്താവ് രാജൻ സെദാണ് ഈ വെളിപ്പെടുത്തൽ നടത്തിയത്.

ലാറ്റർ ഡേ സെയിന്റ്സിൽനിന്ന് പുറത്താക്കപ്പെട്ട ഹെലൻ റഡ്കി എന്നയാൾ തനിക്കയച്ച ഇ മെയിൽ സന്ദേശത്തിലാണ് ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകിയതെന്ന് രാജൻ സേദ് പറയുന്നു. 1996 മാർച്ച് 27ന് യുഎസിലെ സാൾട്ട് ലേക്ക് സിറ്റിയിലെ സഭയുടെ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഗാന്ധിജിയെ മരണാനന്തര മാമോദിസ ചെയ്യിച്ചതായാണത്രെ സന്ദേശത്തിൽ പറയുന്നത്. ഇതു സംബന്ധിച്ച രേഖകളുടെ പകർപ്പ് തന്റെ കൈയിലുണ്ടെന്നും ഹെലൻ റഡ്കി അറിയിച്ചിട്ടുണ്ടത്രെ. അതേ സമയം സഭാ ആസ്ഥാനത്തെ രേഖകൾ പിന്നീട് കാണാതായെന്നും പറയപ്പെടുന്നു.

സംഭവം വിവാദമായതോടെ അമേരിക്കയിൽ കഴിയുന്ന ഗാന്ധിജിയുടെ പേരക്കുട്ടി അരുൺ ഗാന്ധി സഭയുടെ നടപടികൾക്കെതിരെ രംഗത്തെത്തി. ഗാന്ധിജിയെ ഏതെങ്കിലും ഒരു മതത്തിന്റെ അനുയായിയായി മാത്രം കാണാൻ കഴിയില്ലെന്ന് അരുൺ ഗാന്ധി പറഞ്ഞു. സർവമതങ്ങളോടും ബഹുമാനമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ഒരാളെ അയാളുടെ സമ്മതമില്ലാതെ മതത്തിൽ ചേർക്കുന്നതിനെ ഗാന്ധിജി എതിർത്തിരുന്നു. പരേതരെ എന്തും ചെയ്യാമെന്നും ആരും ചോദിക്കാനില്ലെന്നുമുള്ള ധാരണ തിരുത്തണമെന്നും അരുൺഗാന്ധി പ്രതികരിച്ചു. നിരവധി അമേരിക്കൻ ഹിന്ദു സംഘടനകളും ഇതിനെതിരെ രമഗത്തെത്തിയിട്ടുണ്ട്.

ആൻ ഫ്രാങ്കിനെ ജ്ഞാനസ്നാനം ചെയ്യിച്ചതിന്റെ പേരിൽ ലാറ്റർ ഡേ സെയിന്റ്സ് സഭ നേരത്തേ വിവാദത്തിലായിരുന്നു. മരിച്ച വ്യക്തിയുടെ പ്രതിപുരുഷനായി ഒരാളെ തീരുമാനിച്ച് ജ്ഞാനസ്നാനം ചെയ്യിക്കയാണ് ഇവരുടെ രീതി.

ചൈനയിൽ കലാപം : 12 മരണം

ബീജിംഗ്: ചൈനയിലെ സിൻജിയാങ് മേഖലയിൽ മുസ്ലിങ്ങളും ഹാൻ വംശജരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 12 പേർ മരണപ്പെട്ടു. അക്രമികളെ തുരത്താൻ പോലീസ് നടത്തിയ വെടിവെപ്പിൽ രണ്ടു പേർ മരിച്ചു. ചൊവ്വാഴ്ച വൈകീട്ടാണ് അക്രമ സംഭവങ്ങൾ തുടങ്ങിയത്. അക്രമത്തിന്റെ കാരണം വ്യക്തമല്ല. മുസ്ലിം വിഭാഗക്കാരും ചൈനയിലെ ഹാൻ വംശജരും തമ്മിൽ ഏറ്റുമുട്ടൽ നടക്കാറുള്ള പ്രദേശമാണ് ഇതെന്ന് വാർത്താ ഏജൻസികൾ റിപ്പോർട്ടു ചെയ്യുന്നു. 2009ൽ ഇവിടെ നടന്ന കലാപത്തിൽ 200 പേർ കൊല്ലപ്പെട്ടിരുന്നു.

പഞ്ചായത്തിന്റെ വിവാദ നടപടി

മുറികൾ ലേലത്തിനെടുത്തവർ പരക്കംപായുന്നു

ഇരിട്ടി: ലേലം ചെയ്ത ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഉടമകൾക്ക് കൈമാറാത്ത കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നടപടി വിവാദമുയർത്തുന്നു.

2010 ജൂലൈ 30ന് ഉദ്ഘാടനം നടന്നതാണ് രണ്ട് വർഷം പൂർത്തീകരിക്കാനിരിക്കെ ഇപ്പോഴും കോംപ്ലക്സും പരിസരവും സാമൂഹ്യവിരുദ്ധർ കയ്യടക്കിയിരിക്കുകയാണ്. ഒന്നരക്കോടിയോളം രൂപ ചെലവഴിച്ചാണ് ഇരിട്ടി ടൗണിന്റെ ഹൃദയഭാഗത്ത് ഗ്രാമപഞ്ചായത് ഇരുനില ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ചത്. ഈ തുക പൂർണമായും ഗുണഭോക്തൃവിഹിതമായിരുന്നതും ശ്രദ്ധേയമായിരുന്നു. ആകെയുള്ള 44 മുറികളിൽ 31 എണ്ണവം പഞ്ചായത്ത് അധികൃതർ ലേലം ചെയ്ത് നൽകിയിരുന്നു. അഞ്ച് കോടിയോളം രൂപ ലേലയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിരുന്നു. ഒരു മുറിക്ക് 38 ലക്ഷം രൂപക്ക് ലേലം കൊള്ളാൻ വരെ വ്യക്തികൾ തയാറായിരുന്നു. എന്നാൽ ലേലം പിടിച്ച് വർഷങ്ങൾ പിന്നിടുമ്പോഴും ഇവർ കടുത്ത നിരാശയിലും പ്രതിഷേധത്തിലുമാണ്. പഞ്ചായത്ത് രേഖാമൂലം മുറികൾ ഇവർക്ക് കൈമാറിയാൽമാത്രമേ ഉടമകൾക്ക് തങ്ങളുടെ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങാനാവൂ. അതുകൊണ്ട് തന്നെ പണം മുടക്കി ലേലത്തിലെടുത്തവർ ഇന്ന് ചെകുത്താനും കടലിനും നടുക്കാണ്. മുറികൾ ലേലമെടുത്തവർക്ക് കൈമാറിയാൽ മാസംതോറും വിവിധയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട രണ്ട് ലക്ഷത്തോളം രൂപ ഇപ്പോൾ നഷ്ടമാവുന്ന അവസ്ഥയിലാണ്. കോംപ്ലക്സിന്റെ നിർമാണവുമായി ബന്ധപ്പെട്ട ചില സാങ്കേതിക തടസങ്ങളാണ് മുറികൾ കൈമാറാൻ സാധിക്കാത്തതിന് കാരണമെന്നാണ് സൂചന. തടസങ്ങൾ നീക്കാൻ പഞ്ചായത്ത് പ്രസിഡന്റും സിക്രട്ടറിയും തിരുവനന്തപുരത്ത് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയെങ്കിലും പ്രശ്നത്തിന് ഇനിയും പരിഹാരമായില്ല. മുറികൾ കൈമാറുന്നതിനുള്ള തടസങ്ങൾ നീക്കി ഉടൻ തന്നെ മുറികൾ ലേലമെടുത്തവർക്ക് കൈമാറാനാകുമെന്ന് പഞ്ചായത്ത് സിക്രട്ടറി അറിയിച്ചു.

മാധവറാവുസിന്ധ്യാ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പരീക്ഷാഭയം അകറ്റാൻ നടത്തിയ ക്ലാസ് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ജയലക്ഷ്മി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

അശ്ലീല ചേഷ്ട; വൃദ്ധന് പിഴ

കണ്ണൂർ: ബസ് സ്റ്റോപ്പിൽ ഉടുമുണ്ട് പൊക്കിയ കേസിൽ വൃദ്ധന് പിഴ. കണ്ണോത്തുംചാൽ ബസ്സ്റ്റോപ്പിൽ വെച്ച് 2011 നവം. 4ന് യുവതിയെ ഉടുമുണ്ട് പൊക്കിക്കാണിക്കുകയും അശ്ലീല ചേഷ്ടകൾ കാണിക്കുകയും ചെയ്തുവെന്ന കേസിൽ കണ്ണോത്തുംചാൽ ആർ.എസ് നിവാസിൽ നടരാജനെ(62)യാണ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് സി. മുജീബ് റഹ്മാൻ 3500 രൂപ പിഴയക്കാൻ വിധിച്ചത്.

എസ് എസ് എൽ സി; കണ്ണൂരിൽ ചോദ്യപേപ്പർ എത്തി

കണ്ണൂർ: എസ് എസ് എൽ സി പരീക്ഷ കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ ഒരുക്കങ്ങൾ പുരോഗതിയിൽ. ജില്ലയിൽ 114 കേന്ദ്രങ്ങളിൽ 38000 വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. ചോദ്യപേപ്പറുകൾ ജില്ലയിലെത്തി. ചോദ്യപേപ്പറുകളുടെ ക്ലസ്റ്റർ തിരിക്കിലാണ് ഇപ്പോൾ നടക്കുന്നത്. നാളെ മുതൽ ശനിയാഴ്ച വരെ ഓരോ സ്കൂളിനും ആവശ്യമുള്ള എണ്ണം കണക്കാക്കിയാണ് ഇത് ട്രഷറികളിലെത്തിക്കുന്നത്. ചോദ്യപേപ്പർ പരീക്ഷാദിവസം രാവിലെ സ്കൂളിലെത്തിക്കും. വിദ്യാഭ്യാസ വകുപ്പ് നേരിട്ടാകും വിതരണം. ജില്ലയിൽ 37486 വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. കണ്ണൂർ വിദ്യാഭ്യാസ ജില്ലയാണ് ഏറ്റവു മധികം കുട്ടികളെ പരീക്ഷക്കിരുത്തുന്നത്. പരീക്ഷ നടത്തിപ്പിന് 20 വിദ്യാർത്ഥികൾക്ക് ഒരു അധ്യാപകൻ എന്ന തോതിൽ ഇൻ വിജിലേറ്റേഴ്സിനെ നിയമിച്ചിട്ടുണ്ട്. എല്ലാ സ്കൂളിലേക്കും ചീഫ് ഇൻവിജിലേറ്റേഴ്സിനെയും 500ൽ കൂടുതൽ പേർ പരീക്ഷയെഴുതുന്ന സ്കൂളുകളിൽ രണ്ട് ഡപ്യൂട്ടി ചീഫ് ഇൻവിജിലേറ്റേഴ്സിനെയും നിയോഗിക്കും.

നിയമം നോക്കുകുത്തി; മണ്ണിട്ട് നികത്തൽ വ്യാപകം

മട്ടന്നൂർ: മട്ടന്നൂർ മേഖലയിൽ വയൽ നികത്തൽ വീണ്ടും വ്യാപകമാവുന്നു. കുറച്ചുകാലം വയൽ മണ്ണിട്ട് നികത്തുന്നത് നിലച്ചിരുന്നു. എന്നാൽ അടുത്തകാലത്ത് വീണ്ടും വ്യാപകമായി തുടങ്ങി. കൊതേരി, പരിയാരം, കല്ലേരിക്കര എളമ്പാറ, ചാവശ്ശേരി, ഉരുവച്ചാൽ, നെല്ലൂന്നി, പയ്യപറമ്പ് തുടങ്ങിയ സ്ഥലങ്ങളിലാണ് വയൽ മണ്ണിട്ട് നികത്തൽ വ്യാപകമായി നടത്തുന്നത്.

പരിയാരം ബേരത്തിൽ സ്വകാര്യ വ്യക്തികൾ മൂന്ന് ഏക്കറോളം വയൽ കഴിഞ്ഞ ദിവസങ്ങളിൽ നികത്തിക്കഴിഞ്ഞു. രാത്രിയും പകലുമായി ഒരാഴ്ചക്കുള്ളിലാണ് വർഷങ്ങളായി നെല്ലുൾപ്പെടെയുള്ള കൃഷിയിറക്കിയ വയൽ നികത്തിയത്. മട്ടന്നൂർ നഗരസഭയിൽപ്പെട്ട പഴശ്ശി വില്ലേജ് ഉൾപ്പെട്ട സ്ഥലമാണിത്. വയൽ നികത്തുന്നതിനെതിരെ സമീവവാസിയും അധ്യാപകനുമായ കർഷകൻ പരാതി നൽകിയിരുന്നു. എന്നാൽ ഇത്തരം പരാതികൾ ലഭിക്കുമ്പോൾ വേണ്ട നടപടികൾ എടുക്കാൻ അധികൃതർ തയാറാവുന്നില്ല. പരാതികൾ ജില്ലാ കലക്ടർ ഉൾപ്പെടെയുള്ള വർക്ക് നൽകുമ്പോൾ ഇവരെ തെറ്റിദ്ധരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളാണ് വില്ലേജ് ഓഫീസുകളിൽ നിന്നും നൽകുന്നതെന്നും ആക്ഷേപമുണ്ട്. വയൽ നികത്തുന്നവൻ മാഫിയകൾ തന്നെ മട്ടന്നൂരിൽ വിമാനത്താവളത്തിന്റെ വരവോടെ കറങ്ങിത്തിരിയുകയാണ്. വയലുകളെ പറമ്പാക്കി മാറ്റാൻ ഇവർ സൃഷ്ടിക്കുന്ന തട്ടിപ്പുകൾ വളരെ വലുതാണ്. വില്ലേജ് ഓഫീസിലുള്ളവരെ സ്വാധീനിച്ചാണ് വയലുകൾ പലരും പറമ്പുകളാക്കി മാറ്റുന്നത്. പഴശ്ശി വില്ലേജിൽ ഏക്കർകണക്കിന് വയലുകൾ ഇത്തരത്തിൽ മണ്ണിട്ട് നികത്തി.

പ്രമാണം നൽകിയില്ല; ബാങ്കിനകത്ത് നിരാഹാരം

ഉളിക്കൽ: കണ്ണൂർ കാർഷിക വികസന ബാങ്കിന്റെ ഉളിക്കൽ ശാഖയിൽ ഒരു കുടുംബം അനിശ്ചിതകാല നിരാഹാരസമരമാരംഭിച്ചു.പടിയൂർ വള്ളിത്തലയിലെ പരേതരായ പെരുമ്പാല നാരായണന്റെയും ജാനകിയുടെയും മക്കളായ ബാലചന്ദ്രൻ, ധനരാജ്, പ്രിയദർശിനി, ധനരാജിന്റെ ഭാര്യ പ്രസന്ന എന്നിവരാണ് ബേങ്കിന് മുന്നിൽ അനിശ്ചിതകാല നിരാഹാരസമരത്തിന് തുടക്കം കുറിച്ചത്. 1997ൽ വീടും രണ്ട് കുടുംബക്ഷേത്രങ്ങളുമടങ്ങിയ ഒരേക്കർ അറുപത് സെന്റ് സ്ഥലം ഈട് നൽകി ബാങ്കിന്റെ ഉളിക്കൽ ശാഖയിൽ നിന്നും കാർഷികാവശ്യത്തിനായി 2.79 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. എന്നാൽ മുതലും പലിശയും ഉൾപ്പെടെ 8.74 ലക്ഷത്തിലേറെ രൂപ കുടുംബം തിരിച്ചടച്ചിരുന്നു. പ്രമാണം തിരികെ കിട്ടാൻ അപേക്ഷ നൽകിയിട്ടും അധികൃതർ നൽകാത്തതിനെ തുടർന്നാണ് നിരാഹാരസമരവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത്. ഇത്രയും തുക ബാങ്കിലടച്ചിട്ടും പ്രമാണം തിരിച്ചുതന്നില്ലെന്ന് നേരത്തെ പരാതിയുയർന്നിരുന്നു. ഇന്ന് കാലത്ത് മുതൽ ബാങ്കിനകത്തെ വരാന്തയിലാണ് നിരാഹാരസമരമാരംഭിച്ചത്. വിവരമറിഞ്ഞ് നിരവധി പേർ ബാങ്കിന് മുന്നിൽ തടിച്ചുകൂടി.

ലഹരി വസ്തുക്കൾ; കടയുടമക്ക് തടവും പിഴയും

കണ്ണൂർ: സ്കൂൾ പരിസരത്തുള്ള കടയിൽ ലഹരിവസ്തുക്കൾ വിൽക്കാൻ വെച്ചെന്ന കേസിൽ കടയുടമക്ക് തടവും പിഴയും. കണ്ണപുരം മൊട്ടമ്മലിലെ പുതുശ്ശേരി വളപ്പിൽ പി. വി. കുമാരനെയാണ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് 3500 രൂപ പിഴയടക്കാനും കോടതി പിരിയുംവരെ തടവിനും ശിക്ഷിച്ചത്. ചെറുകുന്ന് ഹൈസ്കൂളിനടുത്തുള്ള പ്രതിയുടെ കടയിൽ നിന്ന് 2011 നവം. 14ന് കണ്ണപുരം എസ്.ഐ കുഞ്ഞികൃഷ്ണൻ, ലഹരിവസ്തുക്കളായ ഹാൻസ്, പാൻപരാഗ്, മധു എന്നിവ പിടിച്ചെടുത്ത കേസിലാണ് ശിക്ഷ.

ഇന്റർവ്യൂ മാർച്ച് 8ന്

കണ്ണൂർ: കണ്ണൂർ കലക്ടറേറ്റിൽ നാളെ (മാർച്ച്1) നടത്താനിരുന്ന പാർട് ടൈം സ്വീപ്പർമാരുടെ ഇന്റർവ്യൂ മാർച്ച് 8ന് രാവിലെ 11മണിക്കേക്ക് മാറ്റിവെച്ചതായി ജില്ലാ കലക്ടർ അറിയിച്ചു.

ഗോഡൗൺ ഷെഡ് ആവശ്യമുണ്ട്

എടക്കാടിനും തളിപ്പറമ്പിനും ഇടയിൽ 1000 സ്കയർഫീറ്റിനും 2000 സ്കയർഫീറ്റിനും ഇടയിൽ സൗകര്യമുള്ള കോമ്പൗണ്ട് വോളോടുകൂടിയ വെള്ളവും വാഹന സൗകര്യവുമുള്ള ഗോഡൗൺ ആവശ്യമുണ്ട്.

9656418734
8086038112

KIMST MADHAVRAO SCINDIA HOSPITAL
John Mill Road, South Bazar, Talap, Kannur-670002 Ph: (0497) 2714800 (30 Lines)
Fax: (0497) 2703500, e-mail: kimstmrs@gmail.com, web: www.mrshospital.co.in

ചാർജ്ജെടുത്തിരിക്കുന്നു

Chief Physician & Cardiologist
Dr. P. M.K. NAMBIAR
MBBS, MD (Med), MRCP (UK), FRCP (Edin)

എല്ലാദിവസവും രാവിലെ 9.30 മുതൽ 11.30 വരെ

Booking: (0497) 2714800 (30 Lines)

ചരമം

ശ്രീധരൻ

കണ്ണൂർ: തിലാന്നൂരിലെ സജീവ കോൺഗ്രസ് പ്രവർത്തകനും സാധു ബീഡി കമ്പനിയിലെ മുൻ ഡ്രൈവറുമായിരുന്ന വിനോദ് നിവാസിൽ ചേനോളി ശ്രീധരൻ(75) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് പയ്യാമ്പലത്ത്.തിലാന്നൂർ ദേശീയ വായനശാല ആന്റ് ഗ്രന്ഥാലയം മുൻ പ്രസിഡന്റ്, ഗാന്ധി മന്ദിരം പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: ഭാനുമതി. മക്കൾ: വിനോദ്(ബഹറിൻ)ദീപ,ഷീന.മരുമക്കൾ: പ്രിയ (തിലാന്നൂർ) സജീവൻ(റെയിൽവെ ബംഗലൂരു) രാമചന്ദ്രൻ (ചൂളിയാട്)

മറിയം



കണ്ണൂർ സിറ്റി: കുറുവ റൈസ് മില്ലിനടുത്തുള്ള ചാലിൽ മന്ദബേത്ത് മറിയം (86) അന്തരിച്ചു. ഭർത്താവ്: പരേതായ ഹമീദ്. മക്കൾ: സഫിയ, ഖാലിദ്, മുസ്തഫ, അബ്ദുൾറഹ്മാൻ, ഫാത്തിബി,

ഇബ്രാഹിം

മാങ്ങാട്: ജമാഅത്തെ ഇസ്ലാമി ധർമശാല ഹൽഖാ പ്രവർത്തകൻ കെ.പി ഇബ്രാഹിം(70) അന്തരിച്ചു. ഭാര്യ:ഹാജറ ചാത്തോത്ത്. മക്കൾ: സി.എച്ച്. ഫസിൽ(പള്ളിക്കുന്ന് ഹയർസെക്കന്ററി സ്കൂൾ അധ്യാപകൻ) നാസില(കൊമ്മേരി ഗോട്ട് ഫാം)ഷക്കീല(കല്യാശ്ശേരി) ഗവ.ഹയർസെക്കന്ററി സ്കൂൾ അധ്യാപിക) അഫ്താർ(മാധ്യമം)മിഫ്താഫ്(ഷൂ മാർക്കറ്റ് തളിപ്പറമ്പ്)മീലാസ്(പ്രിൻസിപ്പൽ കൃഷി ഓഫീസ് കണ്ണൂർ) സൈഫൽ(വാദിഹുദ ഹയർസെക്കന്ററി) മരുമക്കൾ: സി.കെ.എ.ജബ്ബാർ(ചീഫ് സബ് എഡിറ്റർ മാധ്യമം) റോസിന(ഗവ.യു.പി സ്കൂൾ കാലിക്കടവ്)റൈഹാനത്ത് എം.കെ,സീനത്ത് കെ.(ചിന്മയ സ്കൂൾ കുറുമാത്തൂർ) ടി.പി. റഫ്സി (വളപട്ടണം)

പൊള്ളലേറ്റ യുവതി മരിച്ചു

പരിയാരം: മണ്ണെണ്ണ വിളക്ക് തട്ടിമറിഞ്ഞ് ഗുരുതരമായി പൊള്ളലേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച വളപട്ടണം മന്ന മായ്ച്ചാംകുന്നിലെ ബിന്ദു(32) മരിച്ചു. വാൻ ഡ്രൈവർ മഹേഷിന്റെ ഭാര്യയാണ്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് ബിന്ദു അബദ്ധത്തിൽ തീപൊള്ളലേറ്റത്. രണ്ടുമക്കളുണ്ട്.

ടീപോയിക്ക് മുകളിൽ കൂറ്റൻ രാജവെമ്പാല

ഇരിട്ടി: വീടിന്റെ ടീപോയിക്ക് മുകളിൽ കൂറ്റൻ രാജവെമ്പാലയെ കണ്ടെത്തി. ഇന്ന് കാലത്ത് മണത്തണ ഓടൻതോട് കുഞ്ഞപ്പന്റെ വീട്ടിലെ തിണ്ണയിലെ ടീപ്പോയിക്ക് മുകളിലാണ് രണ്ട് മീറ്ററോളം നീളമുള്ള രാജവെമ്പാലയെ കണ്ടെത്തിയത്. വിവരമറിഞ്ഞ് നിരവധി പേർ വീടിന് മുന്നിൽ തടിച്ചുകൂടി. രാജവെമ്പാല ഇപ്പോഴും ടീപോയിക്ക് മുകളിൽ സ്വസ്ഥമായി കിടക്കുകയാണ്. വനംവകുപ്പധികൃതരെ വിവരം അറിയിച്ചിട്ടുണ്ട്. ഉഗ്രവിഷമുള്ള രാജവെമ്പാല വീട്ടിൽ പ്രത്യക്ഷപ്പെട്ടത് വീട്ടുകാരെയും നാട്ടുകാരെയും ഭയചകിതരാക്കി.

തിന്നും കുടിച്ചും ജനം പണിമുടക്ക് ആഘോഷിച്ചു

കണ്ണൂർ: കേന്ദ്ര സർക്കാറിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ ഇന്നലെ നടന്ന അഖിലേന്ത്യാ പണിമുടക്ക് നല്ലൊരു ശതമാനം ജനങ്ങളും നന്നായി ആഘോഷിച്ചു. പണിമുടക്കിന്റെ തലേദിവസം കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി നഗരങ്ങളിലെ കടകളിൽ തിരക്കോട് തിരക്കായിരുന്നു. ഓണം, ക്രിസ്മസ്,വിഷു,പെരുന്നാൾ ആഘോഷ കാലത്ത് അനുഭവപ്പെടുന്നത് പോലുള്ള തിരക്കായിരുന്നു മാർക്കറ്റുകളിൽ. തലശ്ശേരി പഴയ ബസ് സ്റ്റാന്റിലെ മാർക്കറ്റിൽ രാത്രി ഒമ്പത് മണി കഴിഞ്ഞിട്ടും നിന്നു തിരിയാനിടമില്ലാത്ത വിധം തിരക്കായിരുന്നു. ഇറച്ചിയും മീനും പായസവും നാലുകൂട്ടം കറിയുമായുള്ള ഊണും ടി.വി പരിപാടികളുമായി വീട്ടിൽ തന്നെ കഴിച്ചുകൂട്ടി. അടുത്ത ഹർത്താലിന്റെ വരവും കാത്ത്!

പയ്യന്നൂരിൽ സി.പി.എം ഓഫീസിന് തീയിട്ടു

പയ്യന്നൂർ: പയ്യന്നൂരിൽ അക്രമം തുടരുന്നു. അന്നൂർ പടിഞ്ഞാറെ കരയിൽ സി.പി.എം ബ്രാഞ്ച് കമ്മറ്റി ഓഫീസിന് തീയിടുകയും പീപ്പിൾസ് ആർട്സ് ക്ലബിന് നേരെ കല്ലേറും നടന്നു. സി.പി.എം ഓഫീസിലെ പി.എസ്.സി കോച്ചിംഗ് സെന്ററായി പ്രവർത്തിക്കുന്ന ഷെഡിനാണ് തീയിട്ടത്. പി.എസ്.സി സെന്ററിന് നേരെഒരു മാസത്തിനിടെ രണ്ടാം തവണയാണ് അക്രമം നടക്കുന്നത്.

പീപ്പിൾസ് ക്ലബിന് നേരെ നടന്ന കല്ലേറിൽ ജനൽചില്ലുകൾ തകർന്നു. പയ്യന്നൂർ പോലീസ് സ്ഥലത്തെത്തി അന്വേഷണം തുടങ്ങി.

ഹാജിറോഡിൽ കവർച്ചാശ്രമം; യുവാവ് പിടിയിൽ

കണ്ണൂർ: ഹർത്താൽ ദിനത്തിന്റെ തലേദിവസം പൂട്ടിയ സ്ഥാപനത്തിൽ കവർച്ചക്കെത്തിയ യുവാവ് നാട്ടുകാരുടെ പിടിയിലായി. തലശ്ശേരി സ്വദേശിയായ യുവാവാണ് തിങ്കളാഴ്ച അർധരാത്രി നാട്ടുകാരുടെ പിടിയിലായത്. ഹാജി റോഡിലെ പി.കെ ശശീന്ദ്രന്റെ പലചരക്ക് വ്യാപാര സ്ഥാപനത്തിലെ ഷട്ടർ കുത്തിപ്പൊളിച്ച് സാധനങ്ങൾ കവർച്ച നടത്തവെയാണ് യുവാവ് പിടിയിലായത്. ഷട്ടർ തുറന്നത്കണ്ട് വഴിയാത്രക്കാരൻ നോക്കിയപ്പോൾ യുവാവിനെ അകത്ത് കാണുകയും അന്വേഷിച്ചപ്പോൾ താൻ ഈ സ്ഥാപനത്തിലെ ജീവനക്കാരനാണെന്ന് ആദ്യം പറഞ്ഞെങ്കിലും സംശയം തോന്നിയ വഴിയാത്രക്കാരൻ ഓട്ടോ ഡ്രൈവർമാരെ വിവരമറിയിച്ച് യുവാവിനെ പിടികൂടുകയുമായിരുന്നു. പിന്നീട് ടൗൺ പോലീസിന് കൈമാറി. പതിനായിരത്തോളം രൂപയുടെ സാധനങ്ങളുമായി രക്ഷപ്പെടാനുള്ള ശ്രമത്തിനിടെയാണ് യുവാവ് പിടിയിലാവുന്നത്. നഗരത്തിലും മറ്റും വർധിച്ചു വരുന്ന മോഷണത്തിലും സാമൂഹ്യ ദ്രോഹികളുടെ അഴിഞ്ഞാട്ടത്തിലും വ്യാപാരി വ്യവസായി ഹാജി റോഡ് യൂനിറ്റ് യോഗം പ്രതിഷേധിച്ചു. യോഗത്തിൽ പ്രസിഡന്റ് ബി.പി.അബ്ദുള്ള,ജന. സിക്രട്ടറി പി.കെ മഹമൂദ്, പി. കെ.ശശീന്ദ്രൻ,കെ.പ്രതീഷൻ, സി.ഐ. വിൽസൻ എന്നിവർ പ്രസംഗിച്ചു.

ദുരൂഹ സാഹചര്യത്തിൽ ബൈക്ക് ഉപേക്ഷിച്ച നിലയിൽ

കണ്ണൂർ: മുനിസിപ്പൽ ബസ് സ്റ്റാന്റിനടുത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ബൈക്ക് പോലീസ് കസ്റ്റഡിയിലെടുത്തു. കെ.എൽ.13 എം.1126 നമ്പർ ബൈക്കാണ് ടൗൺ പോലീസ് ഇന്നലെ രാത്രി കസ്റ്റഡിയിലെടുത്തത്. അക്രമ സംഭവങ്ങൾക്ക് ഉപയോഗിച്ച ശേഷം ഉപേക്ഷിച്ചതാണോയെന്ന് സംശയിക്കുന്നതായി പോലീസ് പറഞ്ഞു.

വേനൽചൂട് ഏറി; ശീതള പാനീയങ്ങളുടെയും പഴവർഗങ്ങളുടെയും വിൽപ്പന കൂടി

കണ്ണൂർ: വേനൽചൂട് അസഹ്യമായതോടെ പഴങ്ങളുടെയും പാനീയങ്ങളുടെയും വിൽപ്പന മുൻവർഷങ്ങളേക്കാൾ ഇരട്ടിയായി. കഴിഞ്ഞ കുറേ ദിവസങ്ങളായി ജില്ലയിൽ 35 ഡിഗ്രി സെൽഷ്യസിൽ കൂടുതൽ ചൂടാണ് അനുഭവപ്പെടുന്നത്.

കാലാവസ്ഥാ വ്യതിയാനം കാരണം പനി, വയറിളക്കം, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങളും ജില്ലയിൽ വ്യാപകമായി. രാത്രിയിൽ തണുപ്പും പകൽ കൊടുംചൂടും അനുഭവപ്പെടുന്നതാണ് രോഗങ്ങൾക്ക് കാരണം. ചിലയിടത്ത് വേനൽചൂട് അസഹനീയമാണ്. ആളുകൾ ശീതളപാനീയങ്ങളെയാണ് ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നത്. ആന്ധ്രയിൽ നിന്നെത്തുന്ന തണ്ണിമത്തനാണ് ഏറെ ആവശ്യക്കാർ. മൂന്നുതരത്തിലുള്ള തണ്ണിമത്തനാണ് വിപണിയിലെത്തിയിട്ടുള്ളത്. കിലോക്ക് 10 മുതൽ 13 രൂപ വരെയാണ് ചില്ലറ വിൽപ്പന. തണ്ണിമത്തൻ കഴിഞ്ഞാൽ ഓറഞ്ചിനാണ് ആവശ്യക്കാർ ഏറെ. നാഗപ്പൂർ ഓറഞ്ചിന്റെ വരവ് കുറഞ്ഞതോടെ വിലയും കൂടിയിരിക്കുകയാണ്. 40 മുതൽ 45 രൂപ വരെയാണ് ഓറഞ്ചിന്റെ വില. രാജസ്ഥാൻ ഓറഞ്ചിനും ഇതേ വിലതന്നെയാണ്. പഴങ്ങൾക്കും ആവശ്യക്കാർ ഏറെയാണ്. വെള്ളമുന്തിരിക്ക് 50 രൂപയും കുരു ഇല്ലാത്ത കറുപ്പ് മുന്തിരിക്ക് 85 രൂപയുമാണ് കണ്ണൂർ മാർക്കറ്റിലെ ഹോൾസെയിൽ വില. ഞാലിപ്പൂവനാണ് മാർക്കറ്റിൽ വൻ ഡിമാന്റ്. 34 രൂപയാണ് ഒരു കിലോക്ക് ശരാശരി വില. കരിക്ക് വിൽപ്പനയും പല റോഡുവക്കിലും മറ്റും ഇപ്പോൾ തകൃതിയായി നടക്കുന്നുണ്ട്. 20 രൂപ മുതൽ 25 രൂപവരെയാണ് ചിലർ കരിക്കിന് ഈടാക്കുന്നത്. നാട്ടിൽ കരിക്ക് ലഭ്യമല്ലാത്തിനെ തുടർന്ന് മറ്റ് ജില്ലകളിൽ നിന്ന് എത്തിക്കുന്ന കരിക്കാണ്